
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

Pratheekshayude Poomottukal


വാല്യം 44 ലക്കം 7
വാർഷിക വരിസംഖ്യ ₹ 100

Vol 44 No. 2
Annual Subscription ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
സെപ്റ്റംബർ 2026

വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ



"ഞങ്ങളുടെ കർത്താവായ മിശിഹായേ,
നിന്റെ അമ്മയും നിത്യകന്യകയുമായ മറിയത്തിന്റെ
പ്രാർത്ഥനയാലും അവളുടെ എല്ലാ യോഗ്യതകളാലും ഞങ്ങളെ
എല്ലാവരെയും രക്ഷിക്കണമേ. ദൈവമായ നിന്നെ പ്രീതിപ്പെടുത്താൻ
അവളുടെ യാചനയാൽ ഞങ്ങളെ യോഗ്യരാക്കണമേ. അവളോടൊപ്പം
മഹിമയുടെ മണവറയിൽ ആനന്ദിക്കാനും ഉറച്ച വിശ്വാസത്തോടെ
നിന്റെ വെളിപാടു സ്വീകരിക്കാനും ഞങ്ങൾക്കിടയാക്കുകയും
ഞങ്ങളുടെമേൽ കരുണയായിരിക്കുകയും ചെയ്യണമേ. ആമ്മേൻ."

(ലെലിയാ,
പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ)

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

Pratheekshayude Poomottukal
Vol. 44 No. 7

വാല്യം 44 ലക്കം 7 ഏലിയാ-സ്ലീവാ-മൂശക്കാലം സെപ്റ്റംബർ 2026

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)

രക്ഷാധികാരി:
ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ

മാനേജിംഗ് എഡിറ്റർ:
സീനാ ചക്കാലമുറ്റം A.O.

എക്സിക്യൂട്ടീവ് എഡിറ്റർ:
ഷിനി തെരേസ് മുതുപ്ലാക്കൽ A.O.

പത്രാധിപസമിതി:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
ഡോ. അനു കുരിശുംമൂട്ടിൽ A.O.
സ്റ്റെഫി മംഗലത്തുകുന്നേൽ A.O.
സിജ്ജി കുന്നത്ത് A.O.

അഡ്വൈസറി ബോർഡ്:
റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ
റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ
വിൽസൺ ജോർജ് അറയ്ക്കൽ M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
ജെനി കഴുന്നടിയിൽ A.O.
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

ഫിനാൻസ് മാനേജർ:
സൗമ്യാ കാഞ്ഞിരക്കാട്ട് A.O.

കവർ ഡിസൈനിംഗ് & ലേഔട്ട്
ജെ.എസ്. ഗ്രാഫിക്സ്

വാർഷിക വരിസംഖ്യ ₹ 100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- അന്ത്യവിധിയും സാഹോദര്യവും 5
- സ്വർഗത്തിലേക്കുള്ള യാത്രക്കൂലി 8
- മർത്ത് മറിയത്തിന്റെ ജനനം 10
- ചിന്താസർപ്പം 13
- മദർ തെരേസാ: ദൈവസ്നേഹത്തിന്റെ ആൾരൂപം 17
- സെനക്കിൾ തരംഗം 19
- നല്ല ഇടങ്ങൾ പണിയുന്നവരാകാം 20
- നബുക്കദ്നേസർ 22
- കണ്ടുമുട്ടൽ 25
- ആത്മാവിലാർദ്രമാം സ്നേഹം 27
- ദൈവകരം 28
- അമ്മയോടൊപ്പം 30



# മരണമില്ലാത്ത കർമ്മങ്ങൾ

*"നമ്മുടെ ഗാത്രം ഭൂമി വഹിക്കും / സുകൃതം വിണ്ണിലുയർന്നു വിളങ്ങും; / ശാശ്വതമാകും സ്വർലോകത്തിൽ / സമ്പാദിച്ചവ നിലകൊണ്ടീടും. / നീതിയിൽ നീങ്ങും നരനെതിരായി / ശാശ്വതവിധി വന്നെത്തുകയില്ല"*

ലോകത്തിന്റെ നശ്വരതയെയും പുണ്യങ്ങളുടെ അനശ്വരതയെയും ഓർമ്മപ്പെടുത്തിക്കൊണ്ട്, ഏലിയാ-സ്ലീവാ-മൂശക്കാലത്ത് തിരുസഭാമാതാവ് തന്റെ മക്കൾക്കു നല്കുന്ന ഒരു ഉദ്ബോധനമാണ് യാമപ്രാർത്ഥനയിലെ മേലുദ്ധരിച്ച ഗീതം. ലോകത്തിന്റെ നേട്ടങ്ങൾക്കുവേണ്ടിയുള്ള പ്രയാണത്തിനിടയിൽ, വരുംലോകത്തിനുവേണ്ടിയുള്ള സമ്പാദ്യങ്ങൾ നേടണമെന്നത് ഓർമ്മിക്കാത്തവരുണ്ടാകാം. സ്വാർത്ഥത മൂലം സമൂഹത്തിൽ വർദ്ധിതമാകുന്ന തിന്മകളുടെ കാഴ്ച അതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

*"നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും"* (മത്താ 6,21) എന്ന ഗുരുമൊഴി നമുക്കു പാഠമായുണ്ട്. മരണത്തോടെ മൺമറഞ്ഞു പോകുന്ന സമ്പാദ്യങ്ങൾ മാത്രമേ നമുക്കു കൈമുതലായുള്ളൂ എങ്കിൽ നാമെത്ര ഹതഭാഗ്യരാണ്! സ്വർഗത്തിൽ നിക്ഷേപം കൂട്ടണമെങ്കിൽ പുണ്യമാർഗത്തിലൂടെ സഞ്ചരിക്കണമെന്നും അവിടുന്ന് പഠിപ്പിച്ചു. നിസ്സാരങ്ങളെന്നു നാം കരുതുന്ന സ്നേഹത്തിന്റെ ചെറുകർമ്മങ്ങളാണല്ലോ അവസാനവിധിതീർപ്പിനു മാനദണ്ഡമായി അവിടുന്ന് ഉയർത്തിക്കാട്ടിയത് (മത്താ 25,31-46).

ഈ ലോകവയലിൽ കളകൾ മാത്രമല്ല, വിളകളുമുണ്ട് ധാരാളം.... മറ്റുള്ളവർ അറിഞ്ഞും അറിയാതെയും അനേകം നന്മപ്രവൃത്തികൾ ചെയ്യുന്ന നല്ല മനസ്സുള്ള മാലാഖമാരെ സമൂഹത്തിൽ നമുക്കു കാണാൻ കഴിയും - സ്വാർത്ഥത ലവലേശമില്ലാതെ സ്നേഹത്തിന്റെ ചെയ്തികളാൽ സമൂഹത്തെ സുന്ദരമാക്കുന്നവർ.... അങ്ങനെയുള്ളവർക്ക് ഒരിക്കലും മരണമുണ്ടാകില്ല. ജീവിച്ചിരിക്കുന്നവരുടെയുള്ളിൽ സന്തോഷത്തിന്റെ സ്മരണകളുണർത്തുന്ന അവർ സ്വർഗത്തിൽ തിരുമുഖദർശനത്തിന്റെ നിത്യമായ ആനന്ദത്തിലായിരിക്കും. എല്ലാവരുടെയും അന്തിമലക്ഷ്യം ഇതായിരിക്കണം. ഈ ലക്ഷ്യപ്രാപ്തിയ്ക്കായി ജീവിതം ക്രമീകരിക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ!

ചീഫ് എഡിറ്റർ



സെനക്കിൾ ആദ്ധ്യാത്മികത-111

# അന്ത്യവിധിയും സാഹോദര്യവും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

കർത്താവിന്റെ രണ്ടാം ആഗമനവും അന്ത്യവിധിയുമാണ് ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളിലെ വിചിന്തനവിഷയങ്ങൾ. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദു. താബോർമലയിൽവച്ച് മഹത്ത്വമണിഞ്ഞ ഈശോയുടെ ഇരുവശങ്ങളിലായി മോശയും ഏലിയായും കാണപ്പെട്ടതുപോലെ, കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനു മുമ്പും പിമ്പുമായി ഏലിയായുടെയും മോശയുടെയും പേരിൽ രണ്ടു കാലങ്ങൾ നിലകൊള്ളുന്നത് ശ്രദ്ധേയമാണ്. ഇസ്രായേൽ ജനതയെ വാഗ്ദത്തനാട്ടിലെത്തിക്കാൻ ജീവിതം സമർപ്പിച്ചവനാണ് മോശ. ഭിന്നിച്ചുപോയ ദൈവമക്കളെ അവരുടെ പിതാക്കന്മാരുടെ ദൈവത്തിലേക്കു തിരിച്ചുകൊണ്ടുവരാനായി അക്ഷീണം പരിശ്രമിച്ച പ്രവാചകനാണ് ഏലിയാ. യുഗാന്തത്തിൽ മിശിഹായുടെ വരവിനുമുമ്പ് ഏലിയാ വീണ്ടും പ്രത്യക്ഷപ്പെടുമെന്നും വിനാശത്തിന്റെ പുത്രന് അവന്റെ തെറ്റുകൾ ബോദ്ധ്യപ്പെടുത്തിക്കൊടുക്കുമെന്നും ഇസ്രായേൽജനതയും ആദിമസഭയും വിശ്വസിച്ചിരുന്നു (മലാ 4,5-6; മത്താ 16,14).

### മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനം

"മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടുംകൂടെ മഹത്ത്വത്തിൽ എഴുന്നള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചു കൂട്ടപ്പെടും" (മത്താ 25,31) എന്ന് സുവിശേഷത്തിൽ പറയുന്നത് മിശിഹായുടെ രണ്ടാമാഗമനത്തെക്കുറിച്ചാണ്. മരിച്ചവരുടെ ഉയിർപ്പും എല്ലാവരുടെയും അന്ത്യവിധിയുമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. മനുഷ്യപുത്രൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നത് പിതാവ് തന്നെ ഏല്പിച്ച വിധി പ്രസ്താവിക്കുവാനും നടപ്പിലാക്കുവാനുമാണ്.

### എല്ലാ ജനതകളുടെയും ഒന്നുചേരൽ

എല്ലാ ജനതകളും വിധിയാളനായ മിശിഹായുടെ മുമ്പിൽ ഒന്നിച്ചു ചേർക്കപ്പെടും എന്നാണ് മത്തായി സുവിശേഷകൻ പറയുന്നത്. ആരാണ് ഈ 'എല്ലാ ജനതകളും'? മത്തായിയുടെ സുവിശേഷപ്രകാരം മനുഷ്യകുലം മുഴുവനെയും ഉൾക്കൊള്ളുന്ന ഒരു പ്രയോഗമാണിത്. യഹൂദരും വിജാതീയരും ഉൾപ്പെടുന്നവരാണ് 'എല്ലാ ജനതകളും'. ഇസ്രായേലിനു ദൈവജനം എന്ന പദവി നഷ്ടപ്പെട്ടപ്പോൾ, 'എല്ലാ ജനതകളിൽ' അവരും ഉൾപ്പെടുന്നു. അവർ പിന്നീടു രക്ഷപെടുക ദൈവജനമെന്ന പേരിലല്ല, ഈശോമിശിഹായിലുള്ള വിശ്വാസംവഴിയാണ്. വിശ്വാസംവഴിയാണ് ഒരാൾ അബ്രാഹത്തിന്റെ സന്തതിയാവുക. അതുകൊണ്ട് 'എല്ലാ ജനതകളും' എന്ന പ്രയോഗം സാർവത്രികസ്വഭാവമുള്ളതാണ്. ആ അർത്ഥത്തിൽത്തന്നെയാണ് അവസാന വിധിരംഗത്തെ 'എല്ലാ ജനതകളും' എന്ന പ്രയോഗം മനസ്സിലാക്കേണ്ടത്.

### നിർണായകമായ വേർതിരിക്കൽ

രണ്ടു ഗണങ്ങളായി വേർതിരിക്കപ്പെടുക എന്ന പ്രമേയം യുഗാന്ത്യവിധിയെ സൂചിപ്പിക്കുന്ന സന്ദർഭങ്ങളിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെട്ടിട്ടുണ്ട്: വിശ്വസ്ത ഭൃത്യനും ദുഷ്ടഭൃത്യനും (മത്താ 24,45-51), ബുദ്ധിമതികളും ബുദ്ധിശൂന്യകളുമായ കന്യകമാർ (മത്താ 25,1-13), വിശ്വസ്തരായ ഭൃത്യന്മാരും അലസനായ ഭൃത്യനും (മത്താ 24,14-30). വലത്തുവശം അനുഗ്രഹത്തെയും ഇടത്തുവശം ശിക്ഷയെയും സൂചിപ്പിക്കുന്നു. വേർതിരിവിനെ വിവരിക്കുന്ന രംഗം യുഗാന്ത്യവിധിയെപ്പറ്റിയുള്ള സ്ഥൂലചിത്രീകരണമാണ്.

### യുഗാന്ത്യവിധി വാക്കുകളിൽ

രണ്ടാം ഭാഗം (മത്താ 25,34-46) യുഗാന്ത്യവിധിയെ വാക്കുകളിൽ അവതരിപ്പിക്കുന്നു. ലളിതവും ഋജുവുമായ ഒരു ഭാവനാചിത്രമാണിത്. വിധിയാളൻ അനുഗൃഹീതരോടും ശാപഗ്രസ്തരോടും പറയുന്ന വചനങ്ങളും അവരുടെ മറുപടികളും തമ്മിലുള്ള സമാന്തരത്വം ശ്രദ്ധേയമാണ്. ആദ്യരംഗത്തിൽ (25,34-40) വിധിയാളൻ വലത്തുവശത്തുള്ള നീതിമാന്മാരെ തന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരായി അഭിസംബോധന ചെയ്ത് സ്വർഗരാജ്യത്തിലേക്കു ക്ഷണിക്കുന്നു. വലത്തുവശത്തുള്ള അനുഗൃഹീതർ വിധിയാളനായ ഈശോയ്ക്കു ചെയ്ത ജീവകാരുണ്യപ്രവൃത്തികളാണ് പിതാവിന്റെ അനുഗ്രഹത്തിനും രക്ഷയ്ക്കും കാരണം. വിശപ്പ്, ദാഹം മുതലായ ഏറ്റം പ്രാഥമികമായ ആവശ്യങ്ങളും കഷ്ടതകളും ഉദാഹരണങ്ങളിൽ എടുത്തുപറയുന്നു. ഈശോ നല്കിയ സ്നേഹത്തിന്റെ പ്രമാണം പ്രായോഗികമായി നിറവേറ്റിയോ എന്നതാണ് വിധിയുടെ മാനദണ്ഡം.

### ഈശോയുടെ സഹോദരർ

വിധിയാളന്റെ വാക്കുകൾ നീതിമാന്മാരെ അത്ഭുതപ്പെടുത്തുന്നു. എളിയ മനുഷ്യർക്കു പരസ്നേഹപ്രവൃത്തികൾ ചെയ്തപ്പോൾ മനുഷ്യപുത്രനായ മിശിഹായ്ക്കുവേണ്ടി എന്തെങ്കിലും നന്മ ചെയ്യുന്നതായി അവർ കരുതിയില്ല. ആശ്ചര്യദ്യോതകമായ അവരുടെ ചോദ്യങ്ങൾ ഈ ഭാഗത്തിന്റെ അത്യുച്ചിയായ തിരുവചനത്തിനു വഴിയൊരുക്കുന്നു (25,40). ഏറ്റം ദരിദ്രരും ക്ലേശിതരും നിസ്സാരരുമായ മനുഷ്യർ യുഗാന്ത്യവിധിയാളനായ ഈശോയുടെ ഏറ്റവും ചെറിയ സഹോദരന്മാരാണ്; അവിടുന്ന് അവരുമായി ഒന്നാണ്. ഈ പൂർണമായ താദാത്മ്യം നിമിത്തം നീതിമാ

ന്മാർ ചെറിയ മനുഷ്യർക്കു ചെയ്ത ജീവകാരുണ്യപ്രവൃത്തികൾ ആത്യന്തികമായി അവിടുത്തേക്കുതന്നെയാണ് ചെയ്തത്. അക്കാര്യം അവർ അറിഞ്ഞില്ലെന്നുമാത്രം. എളിയ മനുഷ്യർ ഈശോയുടെ സഹോദരരാണ്. അവരിലൂടെ നീതിമാന്മാർ ശുശ്രൂഷിച്ചത് അന്ത്യവിധിയാളനായ ഈശോയെത്തന്നെയാണ്.

**സ്നേഹവും സാഹോദര്യവും**

സ്നേഹവും സൗഹൃദവും സ്വതന്ത്രമായി വളർത്തിയെടുക്കാവുന്നതും നിലനിർത്താവുന്നതുമാണെങ്കിൽ, സാഹോദര്യം അതിന്റെ ഉത്ഭവത്തിൽത്തന്നെ നല്കപ്പെട്ടതാണ്. സ്നേഹവും സൗഹൃദവും നഷ്ടപ്പെടാൻ സാധ്യതയുള്ളതാണെങ്കിൽ, സാഹോദര്യം നഷ്ടപ്പെടുത്താൻ സാധ്യതയില്ല. കാരണം ആരും സ്വന്തം സഹോദരരെ തിരഞ്ഞെടുക്കുന്നില്ല. അതു നല്കപ്പെട്ടതും അവശ്യം വളർത്തിയെടുക്കേണ്ടതുമാണ്. സാഹോദര്യം ജീവിക്കുക എന്നത് മനുഷ്യന്റെ ഒന്നാമത്തെ ദൈവവിളിയാണ്; ഏറ്റം വലിയ ഉത്തരവാദിത്വമാണ്. സാഹോദര്യം ജീവിക്കണമെങ്കിൽ ഒന്നാമത് സഹോദരനെയും സഹോദരിയെയും സ്വീകരിക്കണം; അറിയുന്നതിനുമുമ്പേ സ്വീകരിക്കം. രണ്ടാമത്, സഹോദരനോടും സഹോദരിയോടുമുള്ള ഉത്തരവാദിത്വം ഏറ്റെടുക്കണം. സ്വന്തം സഹോദരനായ ആബേലിനെ കൊന്ന കായേനോടു ദൈവം ചോദിച്ചു: "നിന്റെ സഹോദരൻ ആബേൽ എവിടെ? അവൻ പറഞ്ഞു: എനിക്കറിഞ്ഞു കൂടാ. സഹോദരന്റെ കാവൽക്കാരനാണോ ഞാൻ? എന്നാൽ കർത്താവു പറഞ്ഞു: നീയെന്താണു ചെയ്തത്? സഹോദന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചു കരയുന്നു" (ഉല്പ 4,9-10). നമ്മുടെ സഹായം ആവശ്യമുള്ള സഹോദരനെ തിരിച്ചറിയാത്തത് സഹോദരനെ കൊല്ലുന്നതിനു തുല്യമാണെന്നു പറയാം.

**സാഹോദര്യവും സഭാംഗത്വവും**

ക്രൈസ്തവർക്ക് പുതിയനിയമത്തിൽ ആദ്യം നല്കപ്പെട്ടിരുന്ന പേര് 'സഹോദരർ' എന്നാണ്. ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിൽ യൂദാസ് സ്കറിയോത്തായ്ക്കു പകരം മത്തിയാസിനെ തിരഞ്ഞെടുക്കാൻ സഭാംഗങ്ങൾ ഒരുമിച്ചുകൂടിയപ്പോൾ പത്രോസ്ശ്ലീഹാ അവരെ സ്വാഗതം ചെയ്തത് 'സഹോദരരേ' എന്നു സംബോധന ചെയ്തുകൊണ്ടാണ് (ശ്ലീഹ 1,15-16). അതുപോലെതന്നെ പന്തക്കുസ്താനുഭവത്തെത്തുടർന്ന് പത്രോസ്ശ്ലീഹാ മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്ന് ആദ്യത്തെ സുവിശേഷപ്രഘോഷണം നടത്തിയപ്പോൾ തന്നെ ശ്രവിച്ചവരെ 'സഹോദരരേ' എന്ന് സംബോധന ചെയ്യുന്നു (ശ്ലീഹ 2,29). പത്രോസിന്റെ സുവിശേഷപ്രഘോഷണത്തിന് അനുകൂലമായി പ്രത്യുത്തരം നല്കിയവർ ശ്ലീഹന്മാരെ സംബോധന ചെയ്യുന്നതും 'സഹോദരന്മാരേ' എന്നാണ് (ശ്ലീഹ 2,37). നടപടിഗ്രന്ഥത്തിലും പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിലും സഭാംഗങ്ങൾ പൊതുവായി സംബോധന ചെയ്യപ്പെടുന്നത് 'സഹോദരരേ' എന്നാണ്.

ഈ സാഹോദര്യത്തിന്റെ അടിസ്ഥാനം സഭ പിതാവായ ദൈവത്തിന്റെ മക്കളുടെ ഒരു കുടുംബാണെന്നുള്ളതാണ്. ഗലാത്തിയാക്കാർക്കെഴുതിയ ലേഖനത്തിൽ പൗലോസ്ശ്ലീഹാ സഭാംഗങ്ങളെ ദൈവമക്കളുടെ കുടുംബാംഗങ്ങളായിട്ടുതന്നെയാണ് അവതരിപ്പിക്കുന്നത്: "ഈശോ മിശിഹായിലുള്ള വിശ്വാസംവഴി നിങ്ങളെല്ലാവരും ദൈവമക്കളാണ്" (ഗലാ 3,26). അതുകൊണ്ട് സഭാംഗങ്ങളെന്ന നിലയിൽ മനുഷ്യസാഹോദര്യം ജീവിക്കുവാനും പ്രഘോഷിക്കുവാനും നമുക്കു കഴിയണം.



# സ്വർഗത്തിലേക്കുള്ള യാത്രക്കൂലി

**റവ. ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി. സി.**
പ്രൊവിൻഷ്യൽ സുപ്പീരിയർ
സെന്റ് ജോസഫ് പ്രോവിൻസ്, കോട്ടയം

പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജർമൻ ബെനഡിക്റ്റൈൻ സന്ന്യാസിനി ആയിരുന്ന വിശുദ്ധ ജർത്രൂദിന്റെ (1256-1302) ജീവിതത്തിൽ പറയുന്ന ഒരു സംഭവം ഉണ്ട്. നാല്പത്തിയാറാമത്തെ വയസ്സിൽ അവൾ മരിക്കുന്നതിനു മുമ്പ് അവൾക്ക് ഈശോയുടെ ഒരു ദർശനം ഉണ്ടായി. ഈശോ കുറെ സ്വർണനാണയങ്ങൾ എണ്ണുന്നതായിട്ടാണ് അവൾ കണ്ടത്. അവൾ ചോദിച്ചു: "ഈശോയേ, അങ്ങ് എന്താണ് ഈ ചെയ്യുന്നത്?" ഈശോ മറുപടി പറഞ്ഞു: "നിന്റെ സ്വർഗീയയാത്രയുടെ സമയം അടുത്തുവരുന്നു. നിന്റെ പ്രാർത്ഥനകൾകൊണ്ടും നന്മ പ്രവൃത്തികൾകൊണ്ടും വിശുദ്ധജീവിതംകൊണ്ടും നീ സമ്പാദിച്ച സ്വർണനാണയങ്ങളാണ് ഇവ. നിനക്ക് സ്വർഗത്തിൽ എത്തിച്ചേരുവാനുള്ള യാത്രക്കൂലി ഇതു മതിയാകുമോ എന്ന് ഞാൻ എണ്ണി നോക്കുകയാണ്".

ആരാധനാക്രമവത്സരത്തിൽ ഏലിയാ-സ്ലീവാ-മൂശക്കാലത്ത് നാം പരിചിന്തന വിഷയമാക്കുന്നത് പ്രധാനമായും കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവുമാണ്. തിന്മ വർജിച്ച്, പശ്ചാത്താപത്തിന്റെയും അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ച്, രണ്ടാമത്തെ ആഗമനത്തിൽ കർത്താവിന്റെകൂടെ സ്വർഗത്തിൽ പ്രവേശിക്കുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. പ്രാർത്ഥനയും പരസ്നേഹ പ്രവർത്തനങ്ങളും നമ്മുടെ ജീവിതശൈലിയാക്കി, ഈശോയുടെ കുരിശിലും സഹനത്തിലും പങ്കുചേർന്ന്, അവിടുത്തെ മഹത്ത്വത്തിൽ നാം പങ്കുചേരണം.



മനുഷ്യജീവിതത്തിന്റെ ആത്യന്തികലക്ഷ്യം സ്വർഗത്തിൽ എത്തിച്ചേരുക എന്നുള്ളതാണ്. സഭയുടെ വേദോപദേശത്തിൽ നാം ഇപ്രകാരം പഠിച്ചിട്ടുണ്ട്: "ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ വിശുദ്ധ പ്രമാണങ്ങൾ കാത്തുകൊണ്ട് തന്നെ അറിഞ്ഞ് സ്നേഹിച്ച് തനിക്കു ശുശ്രൂഷ ചെയ്ത് നിത്യമായി രക്ഷപെടുവാൻ വേണ്ടിയാണ്".

"ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?" (മത്താ 16,26). ആത്മരക്ഷയ്ക്കുവേണ്ടി നാം നടത്തേണ്ട പരിശ്രമത്തിന്റെ പ്രാധാന്യമാണ് ഇവിടെയൊക്കെ നമുക്ക് കാണാൻ കഴിയുന്നത്.

ഈശോയുടെ പ്രബോധനങ്ങളിലും, സ്വർഗവും സ്വർഗരാജ്യവും നിത്യജീവനുമൊക്കെ പ്രധാന പ്രമേയങ്ങളാണ്. പക്ഷേ ആധുനിക മനുഷ്യൻ ഇതൊക്കെ മറന്ന് ലോകവ്യാപാരങ്ങളിലും, ഭൗതിക ജീവിതത്തിലും, ആത്മീയ വിരക്തിയിലും, സ്വാർത്ഥ ലാഭങ്ങളിലും, സുഖഭോഗങ്ങളിലും മുഴുകുന്നു. അപ്പോൾ തിരുസഭ ക്ഷണിക്കുന്നു: "മകനേ, മകളേ, നീ തിരിച്ചു വരിക". ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം പഠിപ്പിക്കുന്നു: "നാം സ്വർഗത്തിലേക്ക് യാത്ര ചെയ്യുന്ന തീർത്ഥാടകരാണ്; അതിനാൽ ഭൂമിയിലെ ജീവിതം സ്നേഹത്തിന്റെയും സേവനത്തിന്റെയും യാത്രയാകണം".

നാം ഭൂമിയിൽ ജീവിക്കുന്നത് സ്വർഗത്തിലെ നിത്യജീവിതം സ്വായത്തമാക്കുവാൻ വേണ്ടിയാണ്. അതിനായി അനുദിനം സ്നേഹിക്കുകയും ക്ഷമിക്കുകയും സേവിക്കുകയും ചെയ്യുക ആവശ്യമാണ്. ഏലിയാ-സ്ലീവാ-മൂശക്കാലത്തിന്റെ ആത്മീയത സ്വായത്തമാക്കി, ഭൂമിയിലെ നമ്മുടെ ജീവിതം സ്വർഗീയ യാത്രയ്ക്കുള്ള ഒരു ആത്മാർത്ഥമായ ഒരുക്കമായിരിക്കണം. അതിനായി ഈശോയുടെ രണ്ടാമത്തെ ആഗമനം നമുക്കു താല്പര്യപൂർവ്വം കാത്തിരിക്കാം.

ശുഭം

*ഒരു പരാജിതനെപ്പോലെ ഈശോ കുരിശിൽ പിടഞ്ഞു. സ്വന്തമെന്നു കരുതിയവർ ഉപേക്ഷിച്ച് ഓടിപ്പോയി. സ്നേഹം നല്കിയവർ തിരികെ കൊടുത്തത് മരക്കുരിശ്. കൂടെ നടന്നവർ നല്കിയത് മുറിവുകൾ. കുരിശിൽ അവിടുന്ന് തോൽവി ആഘോഷിച്ചു. ഈ പരാജിതനാണ് ഇന്ന് ഏറ്റവും കൂടുതൽ പിൻഗാമികളുള്ളത്. കുരിശിലെ കഠോരവേദനയിൽ ക്ഷമ ഭീരുത്വമല്ല, ശക്തിയാണെന്ന് അവൻ ലോകത്തോടു വിളിച്ചുപറഞ്ഞു. നാം ശക്തിയെന്നു വിശേഷിപ്പിക്കുന്നത് പലപ്പോഴും ശക്തിയല്ല, ഭീരുത്വമാണ്; ബലഹീനതയാണ്. വാസ്തവത്തിൽ ശക്തിക്ക് കാഠിന്യമില്ല. അതു മൃദുലമാണ്. മലമുകളിൽനിന്ന് ഒഴുകിയിറങ്ങുന്ന കൊച്ചരുവികൾ സൗമ്യമാണ്. എന്നാൽ അവ പാറകളെ പൊടിയാക്കുകയും അവയെ വഹിച്ചുകൊണ്ടു പോവുകയും ചെയ്യുന്നു.*



# മർത്ത് മറിയത്തിന്റെ ജനനം

**റവ. ഡോ. അനീഷ് ജേക്കബ് കിഴക്കേവീട്**
ചങ്ങനാശ്ശേരി അതിരൂപത


**ആമുഖം**

മർത്ത് മറിയത്തിന്റെ ജനനത്തെയും ബാല്യകാലത്തെയും കുറിച്ചുള്ള ഏറ്റവും പുരാതനമായ വിവരങ്ങൾ ലഭ്യമാകുന്നത് എ.ഡി. രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട "യാക്കോബിന്റെ സുവിശേഷം" (Protoevangelium of James) എന്ന അപ്പോക്രിഫൽ ഗ്രന്ഥത്തിൽനിന്നാണ്. മറിയത്തിന്റെ ജനനം, കുടുംബപശ്ചാത്തലം, മാതാപിതാക്കൾ, ശൈശവ-ബാല്യകാലത്തെ ധന്യമുഹൂർത്തങ്ങൾ, ദൈവാലയത്തിലുള്ള സമർപ്പണം, ഔസേപ്പിതാവുമായുള്ള വിവാഹനിശ്ചയം, എന്നിങ്ങനെ പരി. അമ്മയുടെ ജീവിതത്തിലെ സുന്ദരമായ ഏടുകളാണ് ഈ ഗ്രന്ഥത്തിൽ കാണുന്നത്.

**പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനം**


സമയത്തിന്റെ പൂർത്തിയിൽ മനുഷ്യരക്ഷയ്ക്കായി അമ്മനുവേലായി ഭൂമിയിൽ അവതരിച്ച ഈശോമിശിഹായ്ക്ക് അമ്മയാകാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട നാരീകുസുമമാണ് പരിശുദ്ധ കന്യകാമറിയം. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽവച്ച് അതീവസമ്പന്നനും നീതിമാനുമായിരുന്ന യോവാക്കീമും അദ്ദേഹത്തിന്റെ പത്നിയായ അന്നയുമായിരുന്നു മറിയത്തിന്റെ മാതാപിതാക്കൾ. ദൈവം തനിക്ക് നൽകിയ സമൃദ്ധിക്ക് നന്ദിയായി യോവാക്കീം ആലയത്തിൽ ഇരട്ടി കാഴ്ചകൾ അർപ്പിച്ചിരുന്നു. ഒരു ഭാഗം ജനങ്ങളുടെ നന്മയ്ക്കായും മറുഭാഗം പാപപരിഹാരബലിയായും അദ്ദേഹം ദൈവതിരുമുമ്പിൽ സമർപ്പിച്ചുപോന്നു.

ഭൗതികമായി എല്ലാ അനുഗ്രഹങ്ങളും ഉണ്ടായിരുന്നെങ്കിലും, വാർദ്ധക്യത്തിലും സന്താനങ്ങളില്ലെന്ന തീരാവേദന ആ ദമ്പതികളെ അലട്ടിയിരുന്നു. കർത്താവിന്റെ മഹാദിനത്തിൽ കാഴ്ചകളർപ്പിക്കാൻ എത്തിയ യോവാക്കീമിനെ, ഇസ്രായേലിൽ സന്താനങ്ങളെ ഉത്പാദിപ്പിക്കാത്തവൻ പ്രഥമ കാഴ്ച സമർപ്പിക്കാൻ യോഗ്യനല്ലെന്ന് പറഞ്ഞ് ചിലർ അദ്ദേഹത്തെ



അപമാനിച്ചു തടഞ്ഞു. ഇതിൽ മനംനൊന്ത യോവാക്കീം ഗോത്രചരിത്രങ്ങൾ പരിശോധിക്കുകയും, നീതിമാന്മാരായ പൂർവ്വപിതാക്കന്മാർക്കെല്ലാം ദൈവം സന്താനങ്ങളെ നൽകിയിട്ടുണ്ടെന്ന് കാണുകയും ചെയ്തു. അപമാനഭാരത്താൽ സ്വന്തം ഭവനത്തിൽ പോകാതെ അദ്ദേഹം മരുഭൂമിയിലേക്കു പോയി കൂടാരമടിച്ച്, ദൈവം തന്നെ അനുഗ്രഹിക്കുന്നതുവരെ, ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ച് 40 രാവും 40 പകലും പ്രാർത്ഥനയോടെ ഉപവസിച്ചു.

ഭർത്താവിന്റെ അസാന്നിധ്യത്തിലും മക്കളില്ലാത്തതിലും അതീവ ദുഃഖിതയായ അന്ന ഉദ്യാനത്തിലിരുന്ന് കണ്ണീരോടെ പ്രാർത്ഥിച്ചു. മരച്ചില്ലയിലെ കുരുവിക്കൂട്ടിൽ കുഞ്ഞുങ്ങളെ കണ്ടപ്പോൾ, പ്രകൃതിയിലെ പറവകളും മൃഗങ്ങളും ജലാശയങ്ങളും ഫലഭൂയിഷ്ഠമായ മണ്ണുപോലും സന്താനപുഷ്ടിയുള്ളതായിരിക്കെ താൻമാത്രം ശൂന്യയായിപ്പോയല്ലോ എന്നോർത്ത് അവൾ വിലപിച്ചു. സാറായുടെ ഉദരത്തെ അനുഗ്രഹിച്ച് ഇസഹാക്കിനെ നൽകിയ ദൈവത്തോട് അവൾ ഉള്ളുരുകി യാചിച്ചു. അപ്പോൾ കർത്താവിന്റെ ദൂതൻ അന്നയുടെ മുൻപിൽ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം അരുളിച്ചെയ്തു: "അന്നാ, അന്നാ, കർത്താവ് നിന്റെ പ്രാർത്ഥന ശ്രവിച്ചിരിക്കുന്നു. നീ ഗർഭം ധരിച്ച് പ്രസവിക്കും; നിന്റെ സന്തതിയെക്കുറിച്ച് ലോകം മുഴുവൻ അറിയുകയും ചെയ്യും". ദൈവദൂതന്റെ വാക്കു കേട്ട അന്ന, ജനിക്കുന്ന കുഞ്ഞ് ആണായിരുന്നാലും പെണ്ണായിരുന്നാലും ദൈവത്തിന് കാഴ്ചയായി സമർപ്പിക്കുമെന്നും ആ കുഞ്ഞ് ആയുഷ്കാലം മുഴുവൻ ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യുമെന്നും പ്രതിജ്ഞ ചെയ്തു. തുടർന്ന് ദൂതൻ മരുഭൂമിയിൽ യോവാക്കീമിനും പ്രത്യക്ഷപ്പെട്ട് ഈ സദ്വാർത്ത അറിയിക്കുകയും, അദ്ദേഹം സന്തോഷത്തോടെ തിരികെ വീട്ടിലെത്തി ദൈവത്തിന് വൻ കാഴ്ചകൾ സമർപ്പിക്കുകയും ചെയ്തു.



ദൈവദൂതന്റെ അറിയിപ്പുപോലെ മാസങ്ങൾ തികഞ്ഞപ്പോൾ അന്ന ഒരു പെൺകുഞ്ഞിന് ജന്മം നൽകി. ലോകത്തിന്റെ പാപപ്രവണതകളാകുന്ന കയ്പിനെ ഈശോയെന്ന മധുരസമ്മാനത്താൽ അനുഗ്രഹപൂർണ്ണമാക്കാൻ പിറന്ന ആ ശിശുവിന് 'മറിയം' എന്ന് പേരിട്ടു.

മകൾക്ക് ആറുമാസം പ്രായമായപ്പോൾ നിലത്തു നിർത്തിയപ്പോൾ അവൾ ഏഴ് ചുവടുകൾ നടന്ന് അമ്മയുടെ മടിയിലേക്കു വന്നു. ദൈവാലയത്തിൽ സമർപ്പിക്കുന്നതുവരെ ഈ കുഞ്ഞ് ഭൂമിയിലെ അശുദ്ധികളിൽ ചവിട്ടുകയോ സ്പർശിക്കുകയോ ചെയ്യരുതെന്ന് അന്ന നിശ്ചയിച്ചു. അവൾക്കായി കിടപ്പറയിൽ ഒരു വിശുദ്ധസ്ഥലമൊരുക്കുകയും, നിർമ്മലരായ യഹൂദ കന്യകകളെ വിളിച്ച് കുഞ്ഞിന്റെ ശുശ്രൂഷകൾ ഏർപ്പാടാക്കുകയും ചെയ്തു. കുഞ്ഞിന്റെ ഒന്നാം പിറന്നാൾ ദിനത്തിൽ


യോവാക്കീം വലിയ വിരുന്നൊരുക്കി പുരോഹിതന്മാരെയും പ്രധാനികളെയും ക്ഷണിച്ചു. പ്രധാന പുരോഹിതൻ കുഞ്ഞിനെ അനുഗ്രഹിച്ചുകൊണ്ട് സർവ്വാതിശായിയായ ദൈവം തന്റെ കൃപ അവളിൽ വർഷിക്കട്ടെ എന്നു പ്രാർത്ഥിച്ചു.

മറിയത്തിന് മൂന്നു വയസ്സ് തികഞ്ഞപ്പോൾ തങ്ങളുടെ പ്രതിജ്ഞ നിറവേറ്റാനായി യോവാക്കീമും അന്നയും അവളെ ദൈവാലയത്തിലേക്ക് ആനയിച്ചു. കുഞ്ഞിന്റെ ശ്രദ്ധ വ്യതിചലിക്കാതിരിക്കാൻ ദീപങ്ങളേന്തിയ നിർമ്മലരായ കന്യകമാരുടെ അകമ്പടിയോടെയാണ് അവളെ കൊണ്ടുപോയത്. ആലയത്തിലെത്തിയ ശിശുവിനെ സ്വീകരിച്ച പുരോഹിതൻ അവളെ ചുംബിച്ചുകൊണ്ട് പ്രവചനസ്വരത്തിൽ അനുഗ്രഹിച്ചു: "എല്ലാ ജനപദങ്ങൾക്കുമിടയിൽ ദൈവം നിന്റെ നാമം മഹത്ത്വീകരിച്ചിരിക്കുന്നു; സമയത്തിന്റെ പൂർത്തിയിൽ നിന്നിലൂടെ ദൈവം തന്റെ രക്ഷ ഇസ്രായേൽ മക്കൾക്കു വെളിപ്പെടുത്തും." പുരോഹിതൻ അവളെ അൾത്താരയുടെ മൂന്നാം പടിയിൽ ഇരുത്തി. ദൈവകൃപ നിറഞ്ഞ ആ കുഞ്ഞ് അവിടെ ആനന്ദത്തോടെ നൃത്തം ചെയ്യുകയും ഇസ്രായേൽ ഭവനം മുഴുവൻ അവളെ സ്നേഹിക്കുകയും ചെയ്തു.

കുഞ്ഞിനെ ദൈവകരങ്ങളിൽ ഭരമേൽപ്പിച്ച് മാതാപിതാക്കൾ തിരികെപ്പോന്നു. ദൈവാലയത്തിൽ ഒരു വെൺപ്രാവിനെപ്പോലെ വസിച്ച മറിയം, മാലാഖമാരുടെ കരങ്ങളിൽനിന്ന് ആഹാരം സ്വീകരിച്ചുകൊണ്ട് അതിവിശുദ്ധിയോടെയും പ്രാർത്ഥനയോടെയും വളർന്നുവന്നു. ഇപ്രകാരം രക്ഷാകരചരിത്രത്തിന്റെ പൂർത്തീകരണത്തിനായി ദൈവത്താൽ മുൻകൂട്ടി വേർതിരിക്കപ്പെട്ട ശുദ്ധമായ പാത്രമായി പരിശുദ്ധ കന്യകാമറിയം ദൈവാലയത്തിൽ വളർന്നു.

**ഉപസംഹാരം**

ദൈവത്തിന്റെ പ്രത്യേക കൃപയോടും രക്ഷാകരമായ നിത്യപദ്ധതിയോടുംകൂടെയാണ് പരിശുദ്ധ കന്യകാമറിയം ജനിച്ചത്. ഈ ലോകത്തിന്റെ തിന്മയുടെയോ പാപത്തിന്റെയോ ഒരു ചെറുനിഴൽപോലും ഏൽക്കാതെ, ദൈവാലയത്തിൽ ഒരു വെൺപ്രാവിനെപ്പോലെ അതിവിശുദ്ധിയിൽ ജീവിച്ച പരി. അമ്മ, ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഏറ്റവും സഹകരിച്ച വ്യക്തിയാണ്.





# ചിന്താസർപ്പം

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**അ**വൾ ഇതു പറഞ്ഞത് ഒരായിരം സൂര്യചന്ദ്രന്മാർ ഒരുമിച്ച് ഉദിച്ചുയർന്നതുപോലെയുള്ള ഭാവത്തോടെയായിരുന്നു... "എന്റെ ചിന്താസർപ്പത്തിന്റെ തല തകർത്തത് ആ സമർപ്പിതയായിരുന്നു".

"ചിന്താസർപ്പമോ? അതെന്തു സർപ്പമാണ്?" ഒന്നും മനസ്സിലാകാതെ ഞാൻ അവളുടെ മുഖത്തേക്കു നോക്കി ചോദിച്ചു.

അവൾ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "മറ്റു സർപ്പങ്ങളെക്കാൾ ഭീകരനാണിവൻ. മറ്റു സർപ്പങ്ങളെ നമുക്ക് കാണാം; തല്ലിക്കൊല്ലാനും കഴിയും. എന്നാൽ നെഗറ്റീവ് ചിന്തയാകുന്ന സർപ്പം നമ്മുടെ ഉള്ളിലിരുന്ന് ഫണം വിടർത്തിയാടി നമ്മെത്തന്നെ നശിപ്പിക്കും".

ആ വാക്കുകൾ എന്റെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞു. ചിലപ്പോഴൊക്കെ പുറമേയുള്ള ശത്രുക്കളേക്കാൾ അപകടകാരിയാണ് നമ്മുടെ ഉള്ളിൽ വളരുന്ന ഒരു തെറ്റായ ചിന്ത. "എന്റെ തീരുമാനം തെറ്റിപ്പോയി...", "എനിക്ക് അങ്ങനെ ചെയ്താൽ മതിയായിരുന്നു...", "എനിക്കു കിട്ടേണ്ടതു കിട്ടിയില്ല...", "മറ്റൊരു വഴി തിരഞ്ഞെടുത്തിരുന്നെങ്കിൽ..." എന്നിങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ചിന്തകൾ പതുക്കെ മനസ്സിനെ ചുറ്റിപ്പിണയുന്നു. ഒടുവിൽ ചിന്ത നമ്മെ നിയന്ത്രിക്കുകയും നമുക്കുവേണ്ടി ഒരു ചിത ഒരുക്കുകയും ചെയ്യുന്നു.

അവൾ തന്റെ അനുഭവം എന്നോടു പങ്കുവച്ചു.

പലരുടെയും അഭിപ്രായം പരിഗണിച്ചാണ് പ്രശസ്തമായ ഒരു കോളേജിൽ എൻട്രൻസ് പരിശീലനത്തിനു ചേർന്നത്. പ്രഗത്ഭരായ അധ്യാപകർ, പ്രത്യേക പരിഗണന, മികച്ച പഠനാന്തരീക്ഷം എല്ലാം കൊണ്ടും അത് വളരെ നല്ലൊരു സ്ഥാപനമായിരുന്നു. എന്നാൽ പ്രതീക്ഷിച്ച ഫലം ലഭിച്ചില്ല. തുടർന്ന്, അധികം പ്രശസ്തമല്ലാത്ത മറ്റൊരു കോളേജിൽ ചേർന്നു. അതും പലരുടെയും അഭിപ്രായങ്ങൾ പരിഗണിച്ചെടുത്ത തീരുമാനമായിരുന്നു.

പക്ഷേ, അവിടെ ചേർന്ന നിമിഷം മുതൽ ഒരു ചിന്ത അവളെ വേട്ടയാടാൻ തുടങ്ങി: "എന്റെ തീരുമാനം തെറ്റിപ്പോയി!"

ആ ചിന്ത പതുക്കെ ഒരു സർപ്പത്തെപ്പോലെ അവളെ ചുറ്റിപ്പിണഞ്ഞു. ഉപേക്ഷിച്ചുപോന്ന കോളേജും അവിടുത്തെ അന്തരീക്ഷവുംമാത്രമായി അവളുടെ ചിന്ത. ഇപ്പോഴുള്ള കോളേജിലെ അധ്യാപകർ സ്നേഹത്തോടെയും കരുതലോടെയും പ്രത്യേക പരിഗണനയോടെയും ഇടപെട്ടിട്ടും അതൊന്നും ആസ്വദിക്കാൻ അവൾക്കു കഴിഞ്ഞില്ല.

അവൾ അവിടെയുണ്ടായിരുന്നു; പക്ഷേ അവളുടെ മനസ്സ് മറ്റൊരിടത്തായിരുന്നു. പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞില്ല. സമാധാനം നഷ്ടപ്പെട്ടു. ആകുലതയും വ്യാകുലതയും അവളെ കീഴടക്കി.

ഒടുവിൽ അവൾ തിരിച്ചറിഞ്ഞു: "എന്നെ വേദനിപ്പിക്കുന്നത് ഇപ്പോഴത്തെ സാഹചര്യമല്ല; എന്റെ ചിന്തകളാണ്".

ചിന്താസർപ്പം ചീറ്റിയ വിഷം അത്യുഗ്രമായിരുന്നു. രക്ഷപ്പെടണമെന്ന വലിയ ആഗ്രഹത്തോടെയാണ് അവൾ ആ സിസ്റ്ററിനെ സമീപിച്ചത്.

ഒരു സമർപ്പിതയുടെ സ്നേഹസാന്നിധ്യം... വീഡിയോ കോളിലൂടെ അവൾ ആ സമർപ്പിതയോടു സംസാരിക്കാൻ തുടങ്ങി. ഒത്തിരി തിരക്കുകളുണ്ടായിട്ടും മുടങ്ങാതെ അവളുമായി സംസാരിക്കാൻ കുറേ ദിവസങ്ങളിൽ ആ സമർപ്പിത സമയം കണ്ടെത്തി. ആ സമർപ്പിതയുടെ ഓരോ സംഭാഷണവും വെറും ആശ്വാസവാക്കുകളായിരുന്നില്ല; അതിൽ ആത്മീയമായ ഒരു വെളിച്ചമുണ്ടായിരുന്നു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ പ്രേരിതമായുള്ള ആ സിസ്റ്ററിന്റെ സംസാരം ക്രമേണ അവളുടെ ചിന്തകളെ മാറ്റിത്തുടങ്ങി.

മാനുഷിക ചിന്തകളിൽ നിന്ന് ഈശോയുടെ ചിന്തകളിലേക്ക്... പരാജയത്തിന്റെ ചിന്തയിൽ നിന്ന് ദൈവപരിപാലനത്തിന്റെ ചിന്തയിലേക്ക്... കഴിഞ്ഞുപോയതിനെക്കുറിച്ചുള്ള വ്യസനത്തിൽ നിന്ന് ഇന്നത്തെ കൃപയിലേക്ക്... ഭയത്തിൽ നിന്ന് വിശ്വാസത്തിലേക്ക്.... അങ്ങനെ, ക്രമേണ ആ സമർപ്പിത അവളുടെ ഉള്ളിലെ ചിന്താസർപ്പത്തിന്റെ തല തകർത്തു.

ഇന്ന് അവൾ പറയുന്നു: ''ഞാൻ അനുഭവിക്കുന്ന സമാധാനവും സന്തോഷവും വാക്കുകളിലൂടെ വിവരിക്കാനാവില്ല. എനിക്കു വേണ്ടി സ്വർഗം അയച്ച ഒരു മാലാഖയാണ് ആ സിസ്റ്റർ. നിന്റെ മുഖത്ത് നല്ലൊരു പ്രകാശമുണ്ട് എന്ന് ചുറ്റുമുള്ളവർപോലും ഇപ്പോൾ പറയുന്നുണ്ട്". അതെ, അത് വെറും മുഖത്തിന്റെ പ്രകാശമല്ല. അത് ഒരു രൂപാന്തരത്തിന്റെ പ്രകാശമാണ്. ഒരിക്കൽ തന്നെ തകർത്തുകൊണ്ടിരുന്ന നെഗറ്റീവ് ചിന്തകളിൽ നിന്ന് ഈശോയുടെ ചിന്തകളിലേക്ക് അവൾ രൂപാന്തരപ്പെട്ടു. ചിന്തകൾ മാറുമ്പോൾ ജീവിതവും

മാറുന്നു. വിശുദ്ധ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു: ''നിങ്ങളുടെ മനസ്സിന്റെ നവീകരണത്തിലൂടെ രൂപാന്തരപ്പെടുവിൻ" (റോമാ 12,2).

ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളും നമുക്ക് മാറ്റാൻ കഴിയണമെന്നില്ല. പക്ഷേ അവയോടുള്ള നമ്മുടെ മനോഭാവം മാറ്റാൻ കഴിയും. അവയെ നാം എങ്ങനെ സ്വീകരിക്കുന്നു എന്നതാണ് പ്രധാനം. നമ്മുടെ ചിന്തകളെ ഈശോയുടെ വെളിച്ചത്തിലേക്ക് കൊണ്ടുവരുമ്പോൾ ജീവിതത്തിന്റെ അർത്ഥംതന്നെ മാറുന്നു. വിശുദ്ധ പൗലോസ് വീണ്ടും പറയുന്നു: "സഹോദരരേ, സത്യവും വന്ദ്യവും, നീതിയുക്തവും പരിശുദ്ധവും സ്നേഹാർഹവും സ്തുത്യർഹവും ഉത്തമവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങളെയുംകുറിച്ച് ചിന്തിക്കുവിൻ" (ഫിലിപ്പി 4,8). എത്ര മനോഹരമായ ആത്മീയ ഔഷധമാണിത്!

നമ്മുടെ മനസ്സിൽ എന്താണ് നാം വളർത്തുന്നത്? ഭയമോ? പരാജയചിന്തയോ? പശ്ചാത്താപമോ? അസൂയയോ? താരതമ്യചിന്തയോ? അല്ലെങ്കിൽ ഈശോയുടെ സമാധാനമോ? കാരണം ചിന്തയാണ് പലപ്പോഴും ജീവിതത്തിന്റെ ദിശ നിർണ്ണയിക്കുന്നത്.

സഭ നമ്മെ ഏലിയാ-സ്ലീവാ-മൂശക്കാലത്തിലൂടെ നയിക്കുമ്പോൾ, അത് വെറും ഒരു കാലത്തിന്റെ ആചരണത്തിലേക്ക് മാത്രമല്ല നമ്മെ ക്ഷണിക്കുന്നത്. നമ്മുടെ ഉള്ളിലെ മനുഷ്യനെ രൂപാന്തരപ്പെടുത്താനാണ് ഈ കാലം നമ്മെ വിളിക്കുന്നത്.

താബോർ മലയിൽ ഈശോയുടെ മുഖം പ്രകാശിച്ചു. അവന്റെ വസ്ത്രങ്ങൾ തിളങ്ങി. അവനോടൊപ്പം മൂശയും ഏലിയായും പ്രത്യക്ഷപ്പെട്ടു.

തിരുവചനം പറയുന്നു: "അവൻ അവരുടെ മുമ്പിൽവച്ച് രൂപാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി; അവന്റെ വസ്ത്രം പ്രകാശംപോലെ ധവളമായി'' (മത്താ 17,2). അത് ഈശോയുടെമാത്രം രൂപാന്തരത്തിന്റെ കാഴ്ചയല്ല; നമ്മുടെയും രൂപാന്തരത്തിലേക്കുള്ള വിളിയാണ്. ഏലിയാ, ദൈവത്തിനുവേണ്ടി തീക്ഷ്ണമായി നിലകൊണ്ട പ്രവാചകൻ. മൂശ, ദൈവജനത്തെ ദൈവത്തിന്റെ വഴിയിലൂടെ നയിച്ച നേതാവ്. സ്ലീവാ, സ്നേഹത്തിന്റെ പരമബലിയുടെയും രക്ഷയുടെയും അടയാളം. ഈ മൂന്ന് ആത്മീയ സാന്നിധ്യങ്ങളും നമ്മോട് ഒരേ കാര്യം ആഹ്വാനം ചെയ്യുകയാണ്: പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുക... ചിന്തകളെ വിശുദ്ധീകരിക്കുക... സ്ലീവായുടെ വഴിയിലൂടെ ഈശോയിലേക്ക് നടക്കുക... രൂപാന്തരപ്പെടുക.

പ്രിയ സുഹൃത്തുക്കളേ... നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ ഒരുപക്ഷേ ഒരു ചിന്താസർപ്പം ഉണ്ടാകാം. ഒരാൾക്ക് അത് കഴിഞ്ഞകാലത്തിന്റെ മുറിവായിരിക്കാം. മറ്റൊരാൾക്ക് അത് പരാജയത്തിന്റെ ഓർമ്മയായിരിക്കാം. പുറത്ത് ആരും കാണാത്ത ഒരു പോരാട്ടം....

പക്ഷേ ഈശോ പറയുന്നു: "ഭയപ്പെടേണ്ട". നാം സ്ലീവായിലേക്കു നോക്കുമ്പോൾ നമ്മുടെ വിഷചിന്തകൾക്ക് സൗഖ്യം ലഭിക്കുന്നു. മരുഭൂമിയിൽ ഇസ്രായേൽജനത്തെ കടിച്ച സർപ്പങ്ങളിൽനിന്ന് അവർക്കു രക്ഷ ലഭിച്ചത്, ദൈവത്തിന്റെ കല്പനപ്രകാരം ഉയർത്തപ്പെട്ട പിച്ചളസർപ്പത്തിലേക്ക് നോക്കിയപ്പോഴായിരുന്നു. അതുപോലെ, നമ്മുടെ ഉള്ളിലെ വിഷചിന്തകളിൽനിന്ന് സൗഖ്യം ലഭിക്കാൻ നമ്മുടെ കണ്ണുകൾ ഈശോയിലേക്ക് ഉയർത്തണം. ചിന്താസർപ്പത്തെ നോക്കി ഇരുന്നാൽ വിഷം വർധിക്കും; ഈശോയിലേക്കു നോക്കിയാൽ കൃപ വർധിക്കും.

"അവന്റെ മുഖം പ്രകാശിച്ചു..." താബോറിലെ ഈശോയുടെ മുഖത്തെ പ്രകാശം ശിഷ്യന്മാർ കണ്ടു. ഒരു മനുഷ്യന്റെ ഉള്ളിൽ ഈശോ വസിക്കുമ്പോൾ ആ പ്രകാശം അയാളുടെ മുഖത്തു തെളിയും. പ്രശ്നങ്ങൾ ഇല്ലാതായതുകൊണ്ടല്ല. എല്ലാ ആഗ്രഹങ്ങളും നിറവേറ്റപ്പെട്ടതുകൊണ്ടല്ല. ജീവിതത്തിൽ പരാജയങ്ങളില്ലാത്തതുകൊണ്ടുമല്ല. ചിന്തയുടെ കേന്ദ്രത്തിൽ "ഞാൻ" എന്നതിനു പകരം "ഈശോ" വന്നതുകൊണ്ടാണ്. സഹനത്തിന്റെ നെരിപ്പോടിൽ ഉരുകിത്തീരുമ്പോഴും ഉള്ളിൽ ഈശോ വസിക്കുന്നവരുടെ മുഖത്തു വിടരുന്ന പ്രകാശം രൂപാന്തരത്തിന്റെ പ്രകാശമാണ്. എത്ര മനോഹരമായ ജീവിതസാക്ഷ്യമാണത്!

സാക്ഷ്യത്തിന്റെ ജീവിതം നയിക്കാൻ നമുക്കും പരിശ്രമിക്കാം. നമ്മുടെ ചിന്തകളെ ഈശോയുടെ ചിന്തകളാക്കി മാറ്റാൻ, നമ്മുടെ വിചാരങ്ങളിലൂടെ, ജിവിതത്തിലൂടെ ഈശോയെ പ്രകാശിപ്പിക്കാൻ ദൈവദാസൻ വില്യം ജകുന്തപിതാവിന്റെ പ്രാർത്ഥന നമുക്ക് ആവർത്തിക്കാം... ജീവിതമാക്കി മാറ്റാൻ പരിശ്രമിക്കാം:

*"ഈശോയെ അങ്ങയുടെ വിചാരം എന്നെ പ്രകാശിപ്പിക്കട്ടെ.*

*അങ്ങയുടെ വചനം എന്നെ നയിക്കട്ടെ.*

*അങ്ങയുടെ കണ്ണുകൾ എന്നെ അനുധാവനം ചെയ്യട്ടെ.*

*അങ്ങയുടെ കാതുകൾ എന്നെ ശ്രവിക്കട്ടെ.*

*കുരിശിൽ വിടർത്തിയ അങ്ങയുടെ കൈകൾ സാർവ്വത്രിക സ്നേഹത്തിലേക്ക് എന്നെ തുറക്കട്ടെ.*

*ആണി തറയ്ക്കപ്പെട്ട അങ്ങയുടെ കാലുകൾ അളവും മടുപ്പും കൂടാതെ സഹോദരങ്ങൾക്ക് പൂർണ്ണമായി കൊടുക്കാൻ എന്നെ ഉത്തേജിപ്പിക്കട്ടെ.*

*പിളർക്കപ്പെട്ട അങ്ങയുടെ ഹൃദയം എന്റെ ജീവിതയാത്രയിൽ കൃപയുടെ ഉറവിടവും എന്റെ ക്ഷീണത്തിൽ വിശ്രമസങ്കേതവുമായിരിക്കട്ടെ. ആമ്മേൻ".*

❧●❧

*സമ്പന്നതയിൽനിന്നും ശൂന്യമാക്കലിലേക്കുള്ള യാത്രയാണ് ക്രൈസ്തവജീവിതം. അതിന് ആദ്യം സമ്പന്നതയുണ്ടാവണം; സ്നേഹത്തിന്റെ, കരുണയുടെ, ക്ഷമയുടെ, ഔദാര്യത്തിന്റെ.... ഒരാളുടെ ശൂന്യവൽക്കരണത്തിന് അർത്ഥം നല്കുന്നത് അയാളുടെ സമ്പന്നതയാണ്. 'ഞാൻ ഒന്നുമല്ല' എന്നു പറയാനുള്ള അവകാശം. അത് ദൈവത്താൽ സ്നേഹിക്കപ്പെട്ടവരുടെ, മറ്റുള്ളവരെ സ്നേഹിക്കുന്നവരുടെ സ്വാതന്ത്ര്യമാണ്. സ്നേഹത്തിന്റെ സമ്പന്നതയിൽനിന്നേ ഇങ്ങനെ പറയാനാവൂ. അല്ലാത്തവർ സ്നേഹത്തിനും കരുണയ്ക്കുംവേണ്ടി നാടെങ്ങും ഓടിനടക്കും, ഭിക്ഷാപാത്രവുമായി....*

# മദർതെരേസ: ദൈവസ്നേഹത്തിന്റെ ആൾരൂപം



**സി.സി. കുഞ്ഞുകൊച്ച്**
**ചീരംകുളം, ഇരവിനല്ലൂർ**

**1979** ൽ സമാധാനത്തിനുള്ള നോബൽ പുരസ്കാരം ലഭിച്ച അനാഥരുടെ അമ്മ മദർ തെരേസയ്ക്ക് ഡൽഹി കോർപ്പറേഷൻ ചെങ്കോട്ടയിൽ സ്വീകരണം ഒരുക്കി. സമ്മേളനസ്ഥല ത്തെത്തിയപ്പോൾ പാവങ്ങളുടെ അമ്മ സംഘാടകരോടു ചോദിച്ചു: പാവങ്ങളെയും ദരിദ്രരെയും അഗതികളെയും ഞാൻ ഇവിടെ കാണുന്നില്ലല്ലോ. സമ്പന്നരെ മാത്രമേ ഞാൻ ഇവിടെ കാണു ന്നുള്ളൂ. വി.ഐ.പി.കളും വി.വി.ഐ.പി.കളും പങ്കെടുക്കുന്ന സദസ്സ് കണ്ടാൽ നമ്മുടെ രാജ്യത്ത് പാവങ്ങളോ ദരിദ്രരോ ഉണ്ടെന്നു തോന്നില്ല. അത്ര സദസ്സ് സമ്പന്നമായിരിക്കുന്നു. പാവങ്ങൾക്കു നിങ്ങൾ എന്തുകൊണ്ടാണ് വിലക്കു കല്പിച്ചത്?" ദൈവസ്നേഹത്തിന്റെ ആൾരൂപമായ വി. തെരേസ അവരോടു തുടർന്നു പറഞ്ഞു: "എനിക്കു ലഭിച്ചു എന്ന് നിങ്ങൾ പുകഴ്ത്തുന്ന പുര സ്കാരം എനിക്കുള്ളതല്ല, എന്റെ പാവങ്ങൾക്കുവേണ്ടിയുള്ളതാണ്".

ഈശോയിൽ പാവങ്ങളെ കാണുന്നവർക്കുമാത്രമേ തന്റേടത്തോടെ വി.ഐ.പി. സംഘാ ടകരോട് ഇങ്ങനെ ചോദിക്കാൻ കഴിയൂ. മനുഷ്യസ്നേഹം എപ്പോഴും സൗന്ദര്യമുള്ളവരെ, സമ്പ ന്നരെ തിരക്കിയാണല്ലോ യാത്ര. ദൈവികസ്നേഹം നേരെ തിരിച്ചും!

കുടുംബം ദൈവസ്നേഹത്താൽ നിർഭരമായിരിക്കണം. അപ്പനും അമ്മയും മക്കളും അന്യോന്യം ഇടപെടേണ്ടത് ഈ രീതിയിൽത്തന്നെയായിരിക്കണം. കാരണം കുഞ്ഞുങ്ങളുടെ മനസ്സിൽ നന്മയുടെ വിത്തുകൾ വീഴുന്നത് മാതാപിതാക്കളുടെ മാതൃകാജീവിതത്തിൽ നിന്നാണ്. അവരുടെ ഓരോ ചലനങ്ങളും നീക്കങ്ങളും മക്കൾ ശ്രദ്ധിക്കും, ശ്രവിക്കും. "ദീനാനുകമ്പയുള്ള, പാവങ്ങളെ ഒരിക്കലും നിരസിക്കാത്ത ആൾ" എന്നാണ് തന്റെ പിതാവിനെക്കുറിച്ച് വിശുദ്ധ മദർ തെരേസാ പറഞ്ഞിട്ടുള്ളത്.

മാതാപിതാക്കൾ മക്കളുടെ മാതൃകയായിത്തീരുന്നു എന്നതിന് ഒരു ഉദാഹരണം ചൂണ്ടിക്കാട്ടാം. മിക്ക ദിവസങ്ങളിലും വീട്ടിലെ പണികളൊക്കെ ചെയ്തുതീർത്ത ശേഷം ഒരു പൊതിയുമായി അമ്മ വീട്ടിൽ നിന്നുപോകുമായിരുന്നു. ഒരു അവധിദിവസം ജിജ്ഞാസയോടെ ഞാൻ അമ്മയെ പിന്തുടർന്നു. ഞങ്ങളുടെ വീട്ടിൽനിന്നും കുറച്ചകലെയുള്ള കുടിലിലേയ്ക്കാണ് അമ്മ പോയത്. കുടിലിനുള്ളിൽ കിടന്ന ഒരു വൃദ്ധയെ അമ്മ കുളിപ്പിച്ചു. മുറി അടിച്ചുവാരി വൃത്തിയാക്കി. അവരുടെ വസ്ത്രം കഴുകി. കൈയ്യിൽ കരുതിവച്ചിരുന്ന ഭക്ഷണം അമ്മ അവർക്കു വാരി നല്കി. ഇതെല്ലാം ചെയ്യുന്ന എന്റെ അമ്മയെ ഒരു മഹാത്ഭുതംപോലെ ഞാൻ നോക്കിനിന്നു. ഒടുവിൽ സന്തോഷമടക്കാനാവാതെ ഞാൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു. എന്റെ മൂർദ്ധാവിൽ ചുംബിച്ചുകൊണ്ട് അമ്മ എന്നോട് പറഞ്ഞു: "വലുതാവുമ്പോൾ എന്റെ കുഞ്ഞും ഇതുപോലെ ചെയ്യണം". സ്നേഹം... അതുമാത്രമാണ് സ്വർഗ്ഗം!

അറപ്പോടും വെറുപ്പോടുംകൂടെ സമൂഹം ആട്ടിയോടിച്ചിരുന്ന, അകറ്റി നിർത്തിയിരുന്ന കുഷ്ഠരോഗികളെയും തെരുവിന്റെ മക്കളെയും മാടിവിളിച്ച് അടുത്തു നിർത്തി വി. മദർ തെരേസാ അവരോടു പറഞ്ഞു: "നമ്മൾ ദൈവമക്കളാണ്. ദൈവമക്കൾ പേടിച്ചോടേണ്ടവരല്ല". അപ്പസ്തോലിക് ഒബ്ലേറ്റ്സ് സമർപ്പിതസമൂഹത്തിന്റെ സ്ഥാപകനായ ദൈവദാസൻ വില്യം ജക്വീന്താപിതാവ് ഉപദേശിച്ചിട്ടുള്ളതുപോലെ നമ്മെ സമീപിക്കുന്ന സഹോദരങ്ങൾക്ക് അപ്പവും വെള്ളവും മാത്രം നൽകിയാൽ പോരാ, അതിലുപരി ഈശോയിൽനിന്നൊഴുകുന്ന പരമാവധിസ്നേഹത്തിന്റെ പ്രകാശവും അതിന്റെ ബഹിർസ്ഫുരണവും നല്കണം. പുണ്യശ്ലോകനായ ജക്വീന്താപിതാവിന്റെ വാക്കുകൾ നമ്മുടെ ജീവിതത്തിലൂടെ അന്വർത്ഥമാകണം. അതിന് ആത്മാർത്ഥമായ പ്രാർത്ഥന നമ്മെ സഹായിക്കും. എപ്പോഴും പ്രാർത്ഥിക്കുക; പ്രാർത്ഥന ഹൃദയവികാസത്തിനും, സഹജനെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും സഹായിക്കും.

തന്റെ പുരസ്കാര സമർപ്പണത്തോടനുബന്ധിച്ച് നടത്താനിരുന്ന വിരുന്നുസത്കാരത്തിനാവശ്യമായ ഏഴായിരം ഡോളർ തന്നാൽ 'എന്റെ നാനൂറ് മക്കൾക്ക് ഒരു വർഷം ആഹാരം കഴിക്കാം' എന്നാണ് മദർ തെരേസാ പറഞ്ഞത്. ഈ വാക്കു കേട്ട് വിസ്മയിച്ചവരും ആനന്ദാശ്രുക്കൾ പൊഴിച്ചവരുമുണ്ട്. ആത്മീയാഘോഷങ്ങൾപോലും ആർഭാടങ്ങളിൽ മുങ്ങി, വെറും ഭൗതികതയായിത്തീരുന്ന ഇക്കാലത്ത് ഈ വാക്കുകൾക്ക് ഏറെ പ്രസക്തിയുണ്ട്. ആത്മീയാഘോഷങ്ങളേക്കാളുപരി, പള്ളിത്തിരുനാളുകൾ ഇന്ന് വെറും പെരുന്നാളുകളായി പരിണമിക്കാനുള്ള ഒരു കാരണം ആഡംബരങ്ങളുടെ തിമിർപ്പാണ്.

ഭവനങ്ങളിലെ വിശേഷദിവസങ്ങളിൽ ഉള്ള സമ്പത്തെല്ലാം ചെലവാക്കി ആഘോഷങ്ങൾ ആർഭാടമാക്കി മാറ്റുന്ന നിർധനരുമുണ്ട്. അത്തരത്തിലൂടെയുള്ള ബാഹ്യപ്രകടനത്തിലൂടെയേ സാമൂഹികാംഗീകാരം ലഭിക്കൂ എന്ന മിഥ്യാധാരണയാണ് ഇത്തരം ദുഷ്പ്രവണതയുടെ പിന്നിലുള്ളത്. വിശുദ്ധഗ്രന്ഥം ഓർമ്മിപ്പിക്കുന്നു: "ആഡംബരത്തിൽ മതിമറക്കരുത്. അത് നിന്നെ ദരിദ്രനാക്കും. കൈയ്യിൽ ഒന്നുമില്ലാത്തപ്പോൾ കടംവാങ്ങി വിരുന്നുനടത്തി ഭിക്ഷക്കാരനായിത്തീരരുത്" (പ്രഭാ 18,32).

അനാഥരുടെ അമ്മയുടെ ജീവിതവ്രതം ലാളിത്യമായിരുന്നു. പ്രസംഗിക്കുന്നതിനും ചിന്തിക്കുന്നതിനും ഉപരിയായി ജീവിക്കുന്നതിലൂടെയാണ് ദൈവവചനം പ്രഘോഷിക്കേണ്ടതെന്ന് വി. മദർ തെരേസാ സ്വന്തം ജീവിതത്തിലൂടെ നമ്മോടു പറയുന്നു; സാക്ഷ്യപ്പെടുത്തുന്നു. ഈ വിശുദ്ധജീവിതം നമുക്കു മാതൃകയാക്കാം. കൂടുതൽ സ്നേഹത്തിലും എളിമയിലും ജീവിക്കുവാൻ നമുക്കു പരിശ്രമിക്കാം.




## സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

സഭയുടെ ആരാധനാവത്സരത്തിലെ ഏലിയാ-സ്ലീവാ-മൂശക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. താബോർമലയിൽവച്ച് മഹത്ത്വമണിഞ്ഞ ഈശോയുടെ ഇരുവശങ്ങളിലായി മോശയും ഏലിയായും കാണപ്പെട്ടതുപോലെ, കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനുമുമ്പും പിമ്പുമായി ഏലിയായുടെയും മോശയുടെയും പേരിൽ രണ്ടു കാലങ്ങൾ നിലകൊള്ളുന്നത് ശ്രദ്ധേയമാണ്. ഇസ്രായേൽ ജനതയെ വാഗ്ദത്തനാട്ടിലെത്തിക്കാൻ ജീവിതം സമർപ്പിച്ചവനാണ് മോശ. ഭിന്നിച്ചുപോയ ദൈവമക്കളെ അവരുടെ പിതാക്കന്മാരുടെ ദൈവത്തിലേക്കു തിരിച്ചുകൊണ്ടുവരാനായി അക്ഷീണം പരിശ്രമിച്ച പ്രവാചകനാണ് ഏലിയാ. ലോകാവസാനം, മരണം, അന്ത്യവിധി എന്നീ വിഷയങ്ങളെക്കുറിച്ച് ദൈവജനത്തെ ബോദ്ധ്യപ്പെടുത്താൻ സഹായിക്കുന്ന വിശുദ്ധഗ്രന്ഥവായനകളും പ്രാർത്ഥനകളുമാണ് ഈ കാലത്തിന്റെ പ്രത്യേകത. ക്രിസ്തീയജീവിതത്തിന്റെ അന്ത്യാത്മകസ്വഭാവത്തെക്കുറിച്ച് വിശ്വാസികളെ ഉത്ബോധിപ്പിച്ചുകൊണ്ട് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

അപ്പസ്തോലിക് സൊദാലസ് വൈദികരുടെ ഓഗസ്റ്റു മാസത്തിലെ സമ്മേളനം 18-19 തീയതികളിൽ കോട്ടയം മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ച് നടക്കുകയുണ്ടായി. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ പ്രതിബദ്ധതകൾ എടുത്തിട്ട് പത്തു വർഷങ്ങൾ പിന്നിട്ട അഞ്ചു വൈദികർ, പ്രമാണരേഖ നമ്പർ 47 ന് അനുസൃതമായി അവ നിത്യമായി നവീകരിക്കുകയുണ്ടായി. ബഹു. ഫാ. ജോസ് കാരിമറ്റത്തിൽ, ബഹു. ഫാ. മൈക്കിൾ നരിക്കാട്ട്, ബഹു. ഫാ. എമ്മാനുവേൽ പെരിയപ്പുറം, ബഹു. ഫാ. ഡൊമിനിക് വെച്ചൂർ, ബഹു. ഫാ. ജോർജ് വെള്ളാനിക്കൽ എന്നിവരാണ് പ്രതിബദ്ധതകൾ നിത്യമായി നവീകരിച്ചത്. പരിശുദ്ധ കുർബാനമദ്ധ്യേയുള്ള ഈ കർമ്മത്തിന് കാർമ്മികത്വം വഹിച്ചത് ജനറൽ മേജർ ഫാദറിന്റെ അനുവാദത്തോടുകൂടി ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചനാണ്. നിത്യമായി പ്രതിബദ്ധതകൾ നവീകരിച്ച ബഹുമാനപ്പെട്ട വൈദികർക്ക് ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനയും! അടുത്ത മാസത്തെ സെനക്കിൾ സമ്മേളനം 2026 സെപ്റ്റംബർ 22-23 തീയതികളിൽ കുടുംബസമ്മേളനമായിട്ടാണ് നടത്തുന്നത്.




# നല്ല ഇടങ്ങൾ പണിയുന്നവരാകാം

ഫിലോ കുറ്റിയാത്ത് എ.ഒ.

കഴിഞ്ഞദിവസം ബസ്സിൽ യാത്രചെയ്യുമ്പോൾ ഒരു കുട്ടി എന്റെ അടുത്തു വന്നിരുന്നു. കുശലാന്വേഷണത്തിനിടയിൽ, എവിടേക്കു പോകുന്നു എന്ന എന്റെ ചോദ്യത്തിന് അവൾ സന്തോഷത്തോടെ പറഞ്ഞു: "വീട്ടിൽ പോകുന്നു. അവിടെ അപ്പയും അമ്മയും എന്നെ കാത്തിരിപ്പുണ്ട്. ചേച്ചിയെയും അനുജനെയും കണ്ട് ഒരുപാടു കാര്യങ്ങൾ പറയണം". തുടർന്ന് വീട്ടിലുള്ളവരെപ്പറ്റിയും അവരുടെ സാഹചര്യങ്ങളെപ്പറ്റിയുമൊക്കെ ഉത്സാഹത്തോടെ അവൾ സംസാരിച്ചുകൊണ്ടിരുന്നു.

അവൾ ഹോസ്റ്റലിൽനിന്ന് പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടിയാണ്. അവധി കിട്ടിയപ്പോൾ വീട്ടിലേക്ക് ഓടുകയാണ്. എന്താണ് കാരണം? അവളെ സംബന്ധിച്ച് അവളുടെ കുടുംബം ഒരു നല്ല 'ഇടം' ആണ്. സ്നേഹവും സാഹോദര്യവും പങ്കുവയ്ക്കലും ദൈവാനുഭവവും തൊട്ടറിയാൻ സാധിക്കുന്ന ഒരിടം. അതാണ് അവളെ വീട്ടിലേക്ക് ആകർഷിക്കുന്നത്. പരസ്പര സ്വീകാര്യതയും നിസ്വാർത്ഥ സ്നേഹവും തുറന്ന സംഭാഷണവുമില്ലാത്ത കുടുംബങ്ങളും സാമൂഹിക ഇടങ്ങളും കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ നല്ല ഇടങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ഈശോയുടെ രൂപാന്തരീകരണസമയത്ത് അനുഭവിച്ച പ്രകാശവും വെണ്മയും ദൈവാനുഭവവുമാണ് 'ഇവിടെ ആയിരിക്കുന്നതു നല്ലതാണ്' എന്നു പറയാൻ പത്രോസ്ശ്ലീഹായെ പ്രേരിപ്പിച്ചത്. അതൊരു നല്ല ഇടമായി ശ്ലീഹന്മാർക്ക് അനുഭവപ്പെട്ടു. അതുകൊണ്ടാണ് അവിടെത്തന്നെ ആയിരിക്കാൻ അവർ ആഗ്രഹിച്ചത്.

നാം ആയിരിക്കുന്ന ഇടങ്ങൾ നല്ലതാണോ? എന്തെങ്കിലും ആവശ്യങ്ങൾക്കായി നമ്മുടെ കുടുംബങ്ങളിൽനിന്നും പുറത്തുപോകുന്നവർക്ക് എത്രയും പെട്ടെന്ന് അവിടെ തിരിച്ചെത്തി



യാൽമതി എന്നൊരു അനുഭവം തോന്നാറുണ്ടോ? ഇന്നു നമ്മുടെ കുട്ടികൾ മറ്റുപല നല്ല ഇടങ്ങളും തേടി പോകാറില്ലേ...? അതല്ലേ അവരെ മദ്യപാനം, മയക്കുമരുന്ന്, അപകടമായ ബന്ധങ്ങൾ തുടങ്ങിയവയിലേക്ക് കൊണ്ടെത്തിക്കുന്നത്? വീട്ടിൽനിന്നും ഇറങ്ങിയാൽ അവിടേക്കു തിരിച്ചുവരുവാൻ മടിച്ച് മറ്റു പല സ്ഥലങ്ങളിലും കറങ്ങി നടന്ന് ഏതെങ്കിലുമൊരു സമയത്ത് വീടുകളിലേക്കു കയറിവരുന്ന കുട്ടികളെയും യുവജനങ്ങളെയും മുതിർന്നവരെയും കാണാറില്ലേ? നാം ആയിരിക്കുന്ന ഇടങ്ങൾ ദൈവാനുഭവം നിറഞ്ഞതായിരിക്കണം. പ്രാർത്ഥനയും ദൈവവചനവും നമ്മുടെ കുടുംബങ്ങളിലും നാം ആയിരിക്കുന്ന ഇടങ്ങളിലും മുഴങ്ങണം.

വീട്, സ്കൂൾ, കോളേജ്, ഓഫീസുകൾ, ജോലിസ്ഥലങ്ങൾ തുടങ്ങിയവയെല്ലാം നല്ല ഇടങ്ങളായിരിക്കണം. നാം എവിടെ ആയിരിക്കുന്നുവോ അവിടെ കുറവുകൾ വരുന്നുവെങ്കിൽ അവയെ നല്ല ഇടമാക്കാൻ നമുക്കു കടമയുണ്ട്. താബോർ മലയിൽ ശിഷ്യന്മാർക്ക് അനുഭവപ്പെട്ടതുപോലെ നാം ആയിരിക്കുന്ന ഇടങ്ങളിൽ നമുക്കും മറ്റുള്ളവർക്കും ദൈവസാന്നിദ്ധ്യം അനുഭവിക്കാൻ സാധിച്ചാൽ അതു നല്ല ഇടമായി മാറും.

ഒരു വീട്ടിലേക്കു കയറിച്ചെന്നപ്പോൾ വീട്ടമ്മ കാര്യമായി സ്വീകരിച്ചെങ്കിലും അവിടുത്തെ മക്കളുടെ രീതിയും പെരുമാറ്റവും സംസാരവുംമൂലം ഒരു നിമിഷംപോലും അവിടെ നിൽക്കാൻ മനസ്സ് അനുവദിച്ചില്ല. എത്രയും പെട്ടെന്ന് അവിടെനിന്നു രക്ഷപെട്ടാൽ മതി എന്നൊരു തോന്നലായിരുന്നു മനസ്സിൽ. നമ്മുടെ കുടുംബങ്ങൾ ഒരിക്കലും അങ്ങനെയാവരുത്. അവിടെ ആയിരിക്കുന്നവർക്കും കടന്നുവരുന്നവർക്കും അതൊരു നല്ല ഇടമായി അനുഭവപ്പെടത്തക്ക രീതിയിൽ നമുക്കു ജീവിക്കാം. അതിനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ശ●ജ

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.....ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192



# നബുക്കദ്നേസർ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ബാ**ബിലോണിലെ ശക്തനായ ഭരണാധികാരിയായിരുന്നു നബുക്കദ്നേസർ. നെക്കോപൊളാസറിന്റെ മകൻ. സൈനിക വിജയത്തിലൂടെയാണവൻ പ്രശസ്തിയിൽ എത്തുന്നത്; പ്രത്യേകിച്ച് ഈജിപ്തിനും അസീറിയായ്ക്കും യൂദായ്ക്കുമെതിരെ. ബി.സി 605 മുതൽ 562 വരെ ബാബിലോണിനെ ഭരിച്ചു എന്നു കരുതപ്പെടുന്നു. അന്ന് ലോകത്തിലെ എല്ലാ വഴികളും ബാബിലോണിലേക്കാണ് മലർക്കെ തുറക്കപ്പെട്ടിരുന്നത്. ഈജിപ്ത്, സിറിയ, യൂദാ എന്നിവിടങ്ങളിൽനിന്ന് തടവുകാരായി കൊണ്ടുവന്നവരെക്കൊണ്ട് വീതികൂടിയ നിരപ്പായ പാതകൾ അദ്ദേഹം നിർമ്മിച്ചു. വഴിയോരസ്മാരകങ്ങളും കൊട്ടാരങ്ങളും ക്ഷേത്രങ്ങളും പൂന്തോട്ടങ്ങളുംകൊണ്ട് ബാബിലോണിനെ അദ്ദേഹം മനോഹരമാക്കി. പൂന്തോട്ടങ്ങൾ നിറഞ്ഞ മട്ടുപ്പാവുകളും മാർബിളിലും വെള്ളിയിലും പണിത ക്ഷേത്രങ്ങളും ആകാശത്തിൽ വെട്ടിത്തിളങ്ങി. അത്ഭുതസൃഷ്ടിയായ തൂക്കുപൂന്തോട്ടങ്ങൾ ബാബിലോണിനെ ഏറെ മോടിയാക്കി. മാർദോക്ക് എന്ന ദേവനോടായിരുന്നു നബുക്കദ്നേസറിന് ആരാധന.

യൂദാ രാജാക്കന്മാരായ യഹോയാക്കിനും സെദേക്കിയായും തിന്മ പ്രവർത്തിച്ച് ദൈവത്തിന്റെ അപ്രീതിക്കു കാരണമാവുകയും തങ്ങളുടെ ജനത്തെ ദൈവാരാധനയിൽനിന്ന് വഴിതെറ്റിക്കുകയും ചെയ്തപ്പോൾ, തന്റെ ജനത്തിനെതിരെ വിധി നടപ്പാക്കാൻ ദൈവം ബാബിലോൺ രാജാവിനെ ഉപകരണമാക്കി. അങ്ങനെ യൂദാനിവാസികൾ ബാബിലോൺ നുകത്തിനു കീഴിലായി.

യൂദായിൽ യഹോയാക്കിൻ രാജാവിന്റെ മൂന്നാം ഭരണമാസം നബുക്കദ്നേസർ ജറുസലേം വളഞ്ഞ് അതിനെ ആക്രമിക്കുന്നു. യൂദാരാജാവാകട്ടെ തന്നെത്തന്നെയും തന്റെ മാതാവിനെയും

ഭൃത്യന്മാരെയും പ്രഭുക്കന്മാരെയും കൊട്ടാരത്തിലെ സേവകരെയും അവന് അടിയറവച്ചു. കർത്താവിന്റെ ആലയത്തിനുവേണ്ടി സോളമൻ രാജാവ് നിർമ്മിച്ച സ്വർണപാത്രങ്ങളും കൊട്ടാരത്തിലെ നിധികളും നബുക്കദ്നേസർ കൊള്ളയടിച്ചു. ജറുസലേം നിവാസികൾ, പ്രഭുക്കന്മാർ, ലോഹപ്പണിക്കാർ, ശില്പികൾ, വീരയോദ്ധാക്കൾ, പതിനായിരം തടവുകാർ എന്നിവരെ ബാബിലോണിലേക്ക് പിടിച്ചുകൊണ്ടുപോവുകയും ചെയ്തു. യഹോയാക്കിൻ രാജാവിനെയും അവന്റെ അമ്മയേയും ഭാര്യമാരെയും തടവുകാരാക്കി. അവന്റെ പിതൃസഹോദരനനായ സെദെക്കിയായെ ജറുസലേമിൽ രാജാവാക്കുകയും ചെയ്തു.

സെദെക്കിയാ ഭരണത്തിന്റെ ആദ്യനാളുകളിൽ നബുക്കദ്നേസറിനെ അനുസരിച്ചെങ്കിലും പിന്നീട് അവനെ എതിർത്തു തുടങ്ങി. സെദെക്കിയായുടെ ഒൻപതാം ഭരണവർഷം നബുക്കദ്നേസർ ജറുസലേമിനെ ആക്രമിച്ച് ഉപരോധം ഏർപ്പെടുത്തി. രണ്ടുവർഷക്കാലം അതു നീണ്ടുനിന്നു. നഗരത്തിൽ ക്ഷാമം രൂക്ഷമായിത്തുടങ്ങി; ജനം പട്ടിണികൊണ്ടു വലഞ്ഞു. സെദെക്കിയായും കൂട്ടരും കോട്ടയിൽ വിള്ളൽ ഉണ്ടാക്കി രക്ഷപ്പെടുവാൻ ശ്രമിച്ചെങ്കിലും കൽദായസൈന്യം അവനെ പിടിച്ച് നബുക്കദ്നേസറിന്റെ പക്കലെത്തിച്ചു. അവർ അവന്റെ പുത്രന്മാരെ അവന്റെ കൺമുമ്പിൽവച്ച് വധിച്ചു. സെദെക്കിയായുടെ കണ്ണുകൾ ചൂഴ്ന്നെടുത്ത് ചങ്ങലകൊണ്ടു ബന്ധിച്ചശേഷം ബാബിലോണിലേക്ക് കൊണ്ടുപോയി.

നബുക്കദ്നേസർ തന്റെ പത്തൊൻപതാം ഭരണവർഷം ജറുസലേം ദേവാലയവും കൊട്ടാരങ്ങളും വീടുകളും അഗ്നിക്കിരയാക്കി. ചുറ്റുമുള്ള കോട്ട തകർക്കുകയും നഗരത്തിലെ സ്വർണവും വെള്ളിയുമടക്കം വിലപിടിപ്പുള്ള വലുതും ചെറുതുമായ വസ്തുക്കളും നിക്ഷേപങ്ങളും ബാബിലോണിലേക്ക് കടത്തുകയും ചെയ്തു. യുവാക്കളോടോ കന്യകളോടോ വൃദ്ധരോടോ അവൻ കരുണ കാണിച്ചില്ല. തന്നോടു പക്ഷം ചേരാത്തവരോടും ദുർബലരോടും നിഷ്ഠൂരമായി പെരുമാറി. അനേകരെ വധിച്ചു; മറ്റനേകരെ പീഡിപ്പിച്ചു.

രാജകുടുംബത്തിലും പ്രഭുവർഗ്ഗത്തിലും ജനിച്ചവരും കുറ്റമറ്റവരും സുമുഖരും വൈദഗ്ദ്ധ്യമുള്ളവരും വിജ്ഞാനമാർജ്ജിച്ചവരും ഗ്രഹണശക്തിയുള്ളവരുമായവരെ കൊട്ടാരത്തിൽ സേവനം ചെയ്യാൻ പരിശീലിപ്പിച്ചു. കഴിവുറ്റവരായ യൂദായുവാക്കളെ കൽദായഭാഷ പഠിപ്പിച്ചും വിഭവസമൃദ്ധമായ രാജകീയഭക്ഷണം നല്കി വിദ്യകൾ അഭ്യസിപ്പിച്ചും രാജസേവനത്തിന് നിയമിക്കാൻ ഷണ്ഡന്മാരെ നിയോഗിച്ചു. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരിലുള്ളവരായിരുന്നു ദാനിയേൽ, അസീറിയാ, ഹനനിയാ, മിഷായേൽ എന്നിവർ. ഇവരിൽ ദാനിയേലാണ് നബുക്കദ്നേസറിന്റെ രണ്ട് സ്വപ്നങ്ങളും വ്യാഖ്യാനിച്ചു പറഞ്ഞതും അവന്റെ ദൈവവിധിയെപ്പറ്റി അറിയിപ്പു നല്കിയതും. ഒരിക്കൽ ബാബിലോണിലെ ദൂരാതാഴ്വരയിൽ അറുപതുമുഴം ഉയരവും ആറുമുഴം വണ്ണവുമുള്ള ഒരു സ്വർണവിഗ്രഹം രാജാവ് സ്ഥാപിച്ചു. അതിനെ താണുവീണ് ആരാധിക്കാൻ എല്ലാവർക്കും കല്പനയും നല്കി. എന്നാൽ യൂദായുവാക്കളായ ഹനനിയാ, മിഷേൽ, അസീറിയാ എന്നിവർ അതിന് തയ്യാറായില്ല. കൽദായർ അതറിഞ്ഞ് നബുക്കദ്നേസറിനെ വിവരം ധരിപ്പിച്ചു. അദ്ദേഹമാകട്ടെ അവരെ തന്റെ മുമ്പിൽ വരുത്തി ചോദ്യം ചെയ്തു. താൻ പ്രതിഷ്ഠിച്ച പ്രതിമയെ താണുവീണ് ആരാധിക്കുന്നെല്ലെങ്കിൽ എരിയുന്ന തീച്ചൂളയിൽ എറിഞ്ഞുകളയുമെന്ന് കല്പിച്ചു. എന്നാൽ നിർഭയം അവർ പറഞ്ഞ മറുപടി ഇപ്രകാരമാണ്: "ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവം എരിയുന്ന തീച്ചൂളയിൽനിന്ന് ഞങ്ങളെ രക്ഷിക്കാൻ കഴിവുള്ളവനാണ്. അവിടുന്ന് ഞങ്ങളെ നിന്റെ കയ്യിൽനിന്ന് മോചിപ്പിച്ചില്ലെങ്കിൽപോലും ഞങ്ങൾ നിന്റെ ദേവന്മാരെയോ നീ നിർമ്മിച്ച സ്വർണബിംബത്തെയോ ആരാധിക്കുകയില്ല" (ദാനി 3,17-18). ഇത് കേട്ട നബുക്കദ്നേസർ കോപം കൊണ്ട് ജ്വലിച്ചു. പതിവിലും ഏഴ് മടങ്ങ് ജ്വലിപ്പിച്ച തീച്ചൂളയിൽ അവരെ പിടിച്ചു ബന്ധിച്ച് എറിയുവാൻ കല്പിച്ചു. അഗ്നി ആളിക്കത്തുമ്പോഴും ദൈവ

കീർത്തനങ്ങൾ ആലപിച്ചുകൊണ്ട് അവർ നിലകൊണ്ടു. കത്തിജ്വലിക്കുന്ന തീച്ചൂളയുടെ നടുവിൽ നാലുപേർ ഒരു പൊള്ളൽ പോലുമേൽക്കാതെ നടക്കുന്നത് രാജാവിനെ ഭയചകിതനാക്കി. തീച്ചൂളയിൽനിന്നു പുറത്തുവരുവാൻ അവൻ അവരോട് കല്പിച്ചു. അവരുടെ ശരീരത്തിലോ വസ്ത്രത്തിലോപോലും തീയുടെ ഗന്ധം പോലുമില്ലായിരുന്നു. അവരുടെ ദൈവത്തെ മഹത്ത്വപ്പെടുത്തികൊണ്ട് നബുക്കദ്നേസർ ബാബിലോണിലെ പ്രവിശ്യകളുടെ ഉന്നതസ്ഥാനങ്ങളിൽ അവരെ നിയമിച്ചു.

നബുക്കദ്നേസർ രാജാവിന്റെ അവസാനത്തെപ്പറ്റി ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: സർവ്വസുഖങ്ങളും ആധിപത്യത്തിനും നടുവിൽ ഒരിക്കൽ ബാബിലോൺ രാജകൊട്ടാരത്തിന്റെ മട്ടുപ്പാവിൽ ഉലാത്തുമ്പോൾ നബുക്കദ്നേസർ പറഞ്ഞു: "എന്റെ രാജകീയ മഹത്ത്വത്തിനുവേണ്ടി രാജമന്ദിരമായി, എന്റെ മഹാപ്രഭാവത്തിൽ ഞാൻ നിർമ്മിച്ചതല്ലേ ഈ ബാബിലോൺ? ഈ വാക്കുകൾ രാജാവിന്റെ വായിൽനിന്നു വീഴുന്നതിനുമുമ്പുതന്നെ സ്വർഗത്തിൽനിന്ന് ഒരു സ്വരം കേട്ടു: നബുക്കദ്നേസർ രാജാവേ, നിന്നോടാണു പറയുന്നത്, രാജ്യം നിന്നിൽനിന്ന് വേർപെട്ടിരിക്കുന്നു. നീ മനുഷ്യരുടെ ഇടയിൽനിന്ന് ഓടിക്കപ്പെടുകയും നിന്റെ വാസം വന്യമൃഗങ്ങളോടൊത്തായിരിക്കുകയും ചെയ്യും; കാളയെപ്പോലെ നീ പുല്ലുതിന്നും; മനുഷ്യരുടെ രാജ്യം ഭരിക്കുന്നത് അത്യുന്നതനാണെന്നും, താൻ ഇച്ഛിക്കുന്നവന് അവിടുന്ന് അത് നല്കുമെന്നും, നീ അറിയുന്നതുവരെ ഏഴ് സംവത്സരം കടന്നുപോകും. അപ്പോൾതന്നെ ആ വാക്കുകൾ നബുക്കദ്നേസറിൽ നിവൃത്തിയായി. അവൻ മനുഷ്യരുടെ ഇടയിൽനിന്ന് ഓടിക്കപ്പെടുകയും അവന്റെ നഖം പക്ഷിയുടെ നഖം പോലെയും രോമം കഴുകന്റെ തൂവലുകൾ പോലെയും വളരുന്നതുവരെ കാളയെപ്പോലെ പുല്ല് തിന്നുകയും ദേഹം ആകാശത്തിലെ മഞ്ഞുകൊണ്ട് നനയുകയും ചെയ്തു (ദാനി 4,30-33).

നബുക്കദ്നേസർ രാജാവിന്റെ അഹങ്കാരത്തിന് ശിക്ഷ നടപ്പാക്കുന്ന ദൈവം തനിക്കുവേണ്ടിത്തന്നെ സൗധങ്ങൾ സൃഷ്ടിച്ചവനെ മൃഗതുല്യം പുല്ലുതിന്നുന്നവനാക്കി. അധർമ്മവും അഹങ്കാരവും അവന്റെ അധഃപതനത്തിന് കാരണമായി. മനുഷ്യനിൽനിന്ന് പുറത്താക്കപ്പെട്ട അവന്റെ നാളുകൾ കഴിഞ്ഞപ്പോൾ സ്വർഗത്തിലെ ദൈവത്തെ അവൻ തിരിച്ചറിഞ്ഞു. "നബുക്കദ്നേസറായ ഞാൻ സ്വർഗത്തിലേക്കു കണ്ണുകളുയർത്തി. എന്റെ ബുദ്ധി തിരിച്ചുകിട്ടി. ഞാൻ അത്യുന്നതനെ വാഴ്ത്തുകയും നിത്യം ജീവിക്കുന്ന അവിടുത്തെ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്തു. അവിടുത്തെ ആധിപത്യം അനന്തമാണ്. അവിടുത്തെ രാജ്യം തലമുറതലമുറയായി നിലനിൽക്കുന്നു. സകല ഭൂവാസികളും അവിടുത്തെ മുൻപിൽ ഒന്നുമല്ല.... അഹങ്കാരികളെ താഴ്ത്താൻ അവിടുത്തേക്കു കഴിയും" (ദാനി 4,34-37). നബുക്കദ്നേസറിൽ മാനസാന്തരത്തിന്റെ വഴി തുറന്നത് ആശ്ചര്യകരമാണ്. സ്വർഗത്തിലെ ദൈവത്തെ തിരിച്ചറിഞ്ഞ നിമിഷം ആ മനുഷ്യബുദ്ധിക്ക് തെളിച്ചവും വെളിച്ചവും വീണു. അവന്റെ രാജത്വം തിരികെ ലഭിക്കുകയും ചെയ്തു.

### നബുക്കദ്നേസർ നല്കുന്ന പാഠം

- അധർമ്മത്തിനും അഹങ്കാരത്തിനും അടിമപ്പെട്ടാൽ അധഃപതനം നിശ്ചയമാണ്.
- മനുഷ്യനെ മാനിക്കുക; ദൈവത്തെ ആരാധിക്കുക.
- പാപിയെ എപ്പോഴും കാത്തിരിക്കുകയും സ്വീകരിക്കുകയും ചേർത്തുനിർത്തുകയും ചെയ്യുന്നവനാണ് ദൈവം.
- ദൈവം കൂടെയുണ്ടെങ്കിൽ ഒരു തിന്മയ്ക്കും നമ്മെ കീഴ്പ്പെടുത്താൻ സാധിക്കുകയില്ല.
- ദൈവഭക്തനെ ആപത്തുകളിലും ദൈവം കാത്തുസംരക്ഷിക്കും.
- ദൈവസാന്നിദ്ധ്യബോധം ആപത്തുകളിൽ ആശ്രയമാണ്.



# കണ്ടുമുട്ടൽ

**അശ്വതി പുതുമന എ.ഒ.**

**ക**ണ്ടുമുട്ടലുകൾ വഴിത്തിരിവാകുന്ന ധാരാളം സംഭവങ്ങൾ വിശുദ്ധഗ്രന്ഥത്തിന്റെ താളുകളിൽ കണ്ടെത്താനാകും. ഓരോ കണ്ടുമുട്ടലും ദൈവാനുഗ്രഹപ്രദമാകുന്ന വേദിയായി മാറുന്നു. ഈ കണ്ടുമുട്ടലുകൾ അനുവാചകർക്കു പ്രയോജനകരമാക്കാൻ, അനുഗ്രഹമാക്കാൻ, തിരിച്ചറിവുകൾ ലഭിക്കാൻ, പരിശുദ്ധാത്മാവിന്റെ സഹായഹസ്തം ആവശ്യമാണ്. വിശുദ്ധഗ്രന്ഥത്തിലെ കണ്ടുമുട്ടലുകൾപോലെ, എന്റെ കണ്ടുമുട്ടലുകൾ എന്റെയും നിന്റെയും ജീവിതത്തെ അനുഗ്രഹപ്രദമാകത്തക്കവിധത്തിൽ മാറ്റിമറിക്കുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

അനുഗ്രഹപ്രദമായ കണ്ടുമുട്ടലിന്റെ ആവർത്തനങ്ങൾ വിശുദ്ധ ഗ്രന്ഥം നമുക്ക് കാണിച്ചു തരുന്നതിന്റെ ചില ഉദാഹരണങ്ങൾ കാണാം.

"കർത്താവു പറഞ്ഞു: വസന്തത്തിൽ ഞാൻ തീർച്ചയായും തിരിയെവരും. അപ്പോൾ നിന്റെ ഭാര്യ സാറായ്ക്ക് ഒരു മകനുണ്ടായിരിക്കും. ... കർത്താവ് വാഗ്ദാനമനുസരിച്ച് സാറായെ അനുഗ്രഹിച്ചു. ... വൃദ്ധനായ അബ്രാഹത്തിൽനിന്നും സാറാ ഗർഭംധരിച്ച് ദൈവം പറഞ്ഞ സമയത്തുതന്നെ പുത്രനെ പ്രസവിച്ചു" (ഉൽപത്തി 18,1-10; 21,1-4).

ഒരിക്കലും നടക്കില്ല എന്ന് ഉറപ്പുണ്ടായിട്ടും ഒരു കുഞ്ഞിനായുള്ള ആഗ്രഹം വിട്ടുകളയാതെ ജീവിച്ച വൃദ്ധദമ്പതികൾ കർത്താവിന്റെ വാക്കുകേട്ട് ഉള്ളിൽ ചിരിച്ചു. എങ്കിലും എവിടെയോ ഒളിഞ്ഞിരുന്ന വിശ്വാസത്തിന്റെ കണ്ണീരിൽ കുതിർന്ന പ്രതീക്ഷ ദൈവത്തിന് കണ്ടില്ലെന്നു വയ്ക്കാനാകുമോ...? അവരുടെ ജീവിതത്തിലേക്ക് അനുഗ്രഹവുമായി ദൈവം കടന്നുവന്നു. ദൈവം പറഞ്ഞ സമയത്ത് വാഗ്ദാനം ചെയ്തതെല്ലാം സംഭവിക്കാൻ ഇടയാക്കി. ചില വ്യക്തികൾ അങ്ങനെയാണ്... നാം അറിയാതെ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവന്ന് ആവശ്യത്തിൽ അനുഗ്രഹമായി മടങ്ങുന്നവർ...! മറക്കാതിരിക്കാം, അവരെ.... ഒപ്പം, കണ്ടുമുട്ടുന്നവർക്ക് ഞാൻ എന്ത് അനുഭവമാണ് പങ്കുവയ്ക്കുന്നതെന്നു ചിന്തിക്കാം.

സഹോദരനെ ഭയന്ന് ഒളിവിൽ കഴിഞ്ഞവനും ഇഷ്ടപ്പെട്ടവളെ സ്വന്തമാക്കാൻ ഒരു അടിമയെപ്പോലെ വർഷങ്ങൾ ജോലി ചെയ്തവനുമാണ് യാക്കോബ്. എങ്കിലും ഉൽപത്തി 32,22-30 ൽ വിവരിച്ചിരിക്കുന്നത് അസാധാരണമായ അവന്റെ ഒരു കണ്ടുമുട്ടലാണ്. അനുഗ്രഹത്തിനു വേണ്ടിയുള്ള മൽപ്പിടുത്തത്തിന്റെ കണ്ടുമുട്ടൽ.... തുട അരക്കെട്ടിൽനിന്നും തെന്നിമാറിയ അതിഭീകരമായ വേദനയുടെ നടുവിലും 'എന്നെ അനുഗ്രഹിച്ചാലല്ലാതെ അങ്ങയെ ഞാൻ വിടുകയില്ല' എന്ന യാക്കോബിന്റെ ശാഠ്യം ഇവിടെ പ്രസക്തമാണ്. ദൈവത്തോടും മനുഷ്യനോടും മല്ലിട്ടുജയിച്ചവൻ എന്നാണ് ദൈവദൂതൻ അവനെ വിശേഷിപ്പിക്കുന്നത്.

ഈ ഒരു കണ്ടുമുട്ടലിനായി ദൈവത്തിന്റെ മുമ്പിൽ നാം നിൽക്കണം എന്ന് വിശുദ്ധ ഗ്രന്ഥം നമ്മെ ആഹ്വാനം ചെയ്യുന്നു. സഹനത്തിലും രോഗപീഡനത്തിലും ജീവിതത്തിലെ പ്രതികൂല സാഹചര്യങ്ങളിലുംപെട്ട്, അരക്കെട്ടിൽനിന്നും തുടയെല്ലു തെന്നിമാറുന്നതിനേക്കാൾ ഭീകരമായ ശാരീരികവേദനകളിലൂടെയും മാനസികപീഡകളിലൂടെയും കടന്നുപോകുമ്പോഴും ഉള്ളിന്റെയുള്ളിൽ ഈ കണ്ടുമുട്ടലിനായുള്ള ഒരു വാശിയുണ്ടാകണം - "എന്നെ അനുഗ്രഹിച്ചിട്ടല്ലാതെ അങ്ങയെ ഞാൻ വിടുകയില്ല". ഇത് ദൈവാനുഗ്രഹത്തിന്റെ കണ്ടുമുട്ടലാണ്. ദൈവത്തിന്റെ അനുഗ്രഹം നിറക്കാൻ അവൻ നിന്നെ ഒന്നുകൂടി പരുവപ്പെടുത്തുന്നതാണ് ജീവിതത്തിലെ പല സംഭവങ്ങളും എന്ന് തിരിച്ചറിയണം; നീയും നിന്റെ ദൈവവും മാത്രം അറിയുന്ന കണ്ടുമുട്ടൽ.

മനോഹരമായ ഒരു കണ്ടുമുട്ടലിന്റെ വിവരണമാണ് ഉൽപത്തി 42,7-24 ൽ ഉള്ളത്. കണ്ടുമുട്ടലിന്റെ ആഴം എപ്പോഴും നാം ഓർക്കണമെങ്കിൽ അത് ഹൃദയത്തെ സ്പർശിക്കണം. ആഴത്തിലുള്ള സ്നേഹത്തിൽനിന്നുമുള്ള ഒരു കണ്ടുമുട്ടലാണ് ഈ വചനഭാഗത്ത് വിവരിക്കുന്നത്. സഹോദരന്മാരാൽ ചതിക്കപ്പെട്ടെങ്കിലും സ്ഥാനമാനത്തിനുവേണ്ടി മറ്റുള്ളവരെ ഒറ്റാത്ത, ദൈവത്തിൽനിന്നും ലഭിച്ച അധികാരത്തിൽ അഹങ്കരിക്കാത്ത, ക്ഷമിക്കുന്ന, പൊറുക്കുന്ന, മറക്കുന്ന, ചേർത്തുനിർത്തുന്ന ഒരു കണ്ടുമുട്ടൽ.... പൂർവയൗസേപ്പും സഹോദരന്മാരുമായുള്ള കണ്ടുമുട്ടൽ.... ഹൃദയംകൊണ്ടു വായിക്കുന്നവർക്ക് നിറമിഴിയോടെ അല്ലാതെ ഈ ഭാഗം വായിച്ചു പൂർത്തിയാക്കാൻ സാധിക്കുമോ? ജോസഫിനെപ്പോലെ, ഇത്രയെല്ലാം സംഭവിച്ചിട്ടും ചേർത്തുനിർത്തുന്ന ചില ജീവിതങ്ങൾ നമുക്കു ചുറ്റും ഉള്ളതുകൊണ്ടാണ് ജീവിതത്തിലെ കൊടിയ വരൾച്ചയിലും ക്ഷാമത്തിലും നാം നിലനിന്നു പോകുന്നത് എന്നു ചിന്തിക്കാൻ നമുക്ക് നമ്മുടെ ഹൃദയം തുറക്കാം. ഇത്തരം കണ്ടുമുട്ടലുകളുടെ ജീവിതമാതൃകകൾ നിർലോഭമായി ക്ഷമിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നില്ലേ...? ക്ഷമയുടെ, വിട്ടുകൊടുക്കലിന്റെ, സ്വതന്ത്രമാക്കലിന്റെ ഒക്കെ മിഴിനീരിന്റെ നനവ് ആസ്വദിക്കാൻ കണ്ടുമുട്ടലുകൾ നമുക്ക് അവസരമാകട്ടെ.

കണ്ടുമുട്ടലിന്റെ ഒട്ടും പ്രതീക്ഷിക്കാൻ സാധിക്കാത്ത അത്ഭുതം ഉളവാകുന്ന വചനഭാഗമാണ് സംഖ്യയുടെ പുസ്തകം 22 -ാം അദ്ധ്യായം. ദൈവത്തിന്റെ മകൻ, മകൾ ദൈവത്തിന്റെ കല്പനയിൽനിന്നും മാറി സഞ്ചരിച്ചാൽ ഒരു പക്ഷേ ജീവജാലങ്ങൾപോലും അവനെ തടയും. സംഖ്യ 22,21-31 ലെ ബാലാമിന്റെ സംഭവം അതിനുദാഹരണമാണ്. നിന്റെ മാർഗം, നിന്റെ ചെയ്തി, നിന്റെ ചിന്ത അല്പമൊന്നു തെറ്റി എന്ന് ആരെങ്കിലും പറയുന്നതുപോലും ഒരു കണ്ടുമുട്ടലാണ്; ദൈവത്തിന്റെ ഇടപെടലാണ്. നിന്റെ വഴി മാറ്റി ചവിട്ടണം എന്ന് ദൈവം തീരുമാനിച്ചാൽ അത് സംഭവിക്കാൻ നാം നമ്മെത്തന്നെ വിട്ടുകൊടുക്കണം. വഴിമാറി സഞ്ചരിക്കണം. ചിലപ്പോൾ അത് സഹനത്തിന്റെ നിമിഷമാകാം. അല്ലെങ്കിൽ മനുഷ്യരുടെ പ്രീതിപാത്രമാവുന്നതിൽനിന്നും മാറ്റപ്പെട്ടേക്കാം. ബാലാമിന്റെ സംഭവത്തിൽ, ബുദ്ധി തീരെയില്ലാത്ത കഴുതയെ ദൈവം അതിനുപകരണമാക്കിയെങ്കിൽ, ഓരോ പുല്ലും പൂവും ദൈവേഷ്ടം നിറവേറ്റാൻ നമ്മെയും നിർബന്ധിക്കുന്നുണ്ട്. ഒരു കണ്ടുമുട്ടലും വ്യർത്ഥമാകരുത്.

കണ്ടുമുട്ടലുകളുടെ എഴുതിയാൽ തീരാത്തത്ര സംഭവങ്ങൾ ബൈബിൾ വിവരിക്കുന്നുണ്ടെങ്കിലും മനുഷ്യാവതാരത്തോടനുബന്ധിച്ചുള്ള കണ്ടുമുട്ടൽ (മത്താ 1,18-25) വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. ദൈവത്തിന്റെ ദൂതൻ മറിയത്തെ കണ്ടുമുട്ടിയ നിമിഷം, യൗസേപ്പിതാവ് തന്റെ പ്രതിശ്രുതവധുവിന് സംഭവിച്ചതറിഞ്ഞ നിമിഷം - രണ്ടുപേരും സംശയിച്ചു. സത്യം എന്തെന്നു മനസ്സിലാക്കാൻ പറ്റാതെ പകച്ചുനിന്ന കന്യകയും, വേദനയോടെയെങ്കിലും അവളെ ഉപേക്ഷിക്കാൻ തീരുമാനിച്ച പ്രതിശ്രുതവരനും. ഇതൊരു വിട്ടുകൊടുക്കലിന്റെ കണ്ടുമുട്ടലാണ്. ഏറ്റവും വലിയ അനുഗ്രഹം ലോകത്തിനു ലഭിക്കാൻ രണ്ട് ജീവിതങ്ങൾ വ്യവസ്ഥകളില്ലാതെ വിട്ടുകൊടുത്തതിന്റെ കണ്ടുമുട്ടൽ. മുമ്പോട്ടുള്ള വഴികളൊന്നും നിശ്ചയമില്ലായിരുന്നു. വച്ച ഓരോ ചുവടും സംശയത്തിന്റേതുമായിരുന്നു. എന്നിരുന്നാലും രക്ഷകന്റെ അമ്മയും വളർത്തുപിതാവും ആകാനുള്ള ആ കണ്ടുമുട്ടൽ അവർ ആഘോഷിച്ചിരുന്നിരിക്കാം. ആത്മാവിൽ ദൈവം പിറക്കാൻ ചില നിസ്വാർത്ഥ ഒഴിഞ്ഞുവക്കലുകൾ വേണമെന്ന് പഠിപ്പിച്ച കണ്ടുമുട്ടൽ....

സഹനത്തിലും ജീവിതം ആഘോഷമാക്കിയ ഇതിലും വലിയ കണ്ടുമുട്ടൽ വേറെയില്ല. സഹനങ്ങൾ ആസ്വദിക്കപ്പെടേണ്ടതാണ് എന്നു മനസ്സിലാക്കി തന്ന കണ്ടുമുട്ടൽ.... നാം ആയിരിക്കുന്നപോലെ നമ്മെ മനസ്സിലാക്കാൻ പറ്റുന്ന ഏക സത്യമായ ദൈവവുമായുള്ള കണ്ടുമുട്ടലാണ് സഹോദരങ്ങൾക്ക് ദൈവത്തെ കാണിച്ചുകൊടുക്കാനുള്ള കണ്ടുമുട്ടലുകളിലേക്ക് നമ്മെ നയിക്കേണ്ടത്. ഇതായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യം.



# ആത്മാവിലാർദ്രമാം സ്നേഹം

മുള്ളുകളില്ലാത്ത പൂമാല്യമേകിടാം
ഉള്ളിന്റെ ഉള്ളും പകുത്തു ഞാനേകിടാം
ഉള്ളലിവെന്നതറിഞ്ഞു ഞാൻ നിന്നുടെ
ഉള്ളിൽ വസിക്കട്ടെ ഉണ്ടൊന്നുറങ്ങട്ടെ

ജീവിതനാളിലെൻ കൃത്യങ്ങളോരോന്നും
ജീവന്റെ നാഥനെ പ്രീതിപ്പെടുത്തട്ടെ
ജീവാത്മായനിൻ ഹൃത്തിലിടം തേടി
ജീവിക്കും ദൈവത്തെ പാടിസ്തുതിക്കട്ടെ

ആത്മാവിലാർദ്രമാം സ്നേഹം നിറച്ചെന്നും
ആകുലർക്കാശ്രയമായി ഞാൻ മാറട്ടെ
ആണിപ്പഴുതുള്ള പാണികളെന്നുടെ
ആശ്രയമാലംബമാണെന്നും നിശ്ചയം

വിശ്വാസദീപം കെടാവിളക്കാകണം
വിശ്വത്തിനെന്നാളും ദീപമായിത്തീരണം
വിശുദ്ധിയും വിശ്വാസജീവിതയാത്രയും
വിപ്ലവഗാനമായ് തീരട്ടെയെന്നും

ധീരമായി സാക്ഷ്യം വഹിച്ചുമുന്നേറുവാൻ
ഭീരുത്വമെല്ലാം വെടിഞ്ഞു ചരിക്കുവാൻ
ശക്തിതന്നാത്മാവിന്നേകും വരങ്ങളെ
ശക്തിയായ് ഞാനിന്നണിയട്ടെ ദൈവമേ

ലോകത്തിന്നാശകളെന്നെ മഥിക്കുമ്പോൾ
ലോകൈകനാഥാ നീയെന്നെ കരുതണേ
ലോകത്തിൻ പാപം വഹിക്കാനായാണിയിൽ
പാണികൾ പാദങ്ങൾ ചേർത്തൊരെന്നീശോയേ

അന്ത്യവിധിയുടെ നേരത്തു നിൻചാരെ
ആത്മധൈര്യത്തോടെ ഞാനെത്തീടുവാൻ
അന്യരിലീശ്വര ചൈതന്യം കണ്ടെന്നും
ആവതുപോലെന്നുമേകിടാം നിൻ സ്നേഹം

ഒന്നുമില്ലാത്തവർ ഒന്നുമല്ലാത്തവർ
ഒന്നിനുമങ്ങും തുണയില്ലാതായുള്ളോർ
ഒഷത്തിനൊഷം കരുതിയെന്നാളുമെൻ
ഓരത്തു ചേർത്ത് നടന്നിടാനൂഴിയിൽ

എൻ ദൈവമേയെന്നെ വിളിച്ചു നീയേകിയ
എല്ലാ കൃപകളും ദാനവരങ്ങളും
ഏഴകളാകുമെൻ സോദരർക്കേകിടാൻ
എന്നും തുണയായി എന്നെ നയിക്കണേ

**അനിത ആത്രശ്ശേരിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



# ദൈവകരം

**ഷിനി തെരേസ് മുതുപ്ലാക്കൽ എ.ഒ.**

**"ഈ**ശോയ്ക്കുവേണ്ടി പാടാൻ പോയിട്ട് എന്തുകൊണ്ടാണ് എനിക്കിങ്ങനെ സംഭവിച്ചത്?" പ്രശസ്ത സംഗീതജ്ഞനായ അൽഫോൻസ് ജോസഫിന്റെ വാക്കുകളാണിത്. ജീവിതത്തിൽ വളരെ വിജയകരമായി മുന്നേറിക്കൊണ്ടിരുന്നപ്പോൾ പെട്ടെന്നുണ്ടായ ശാരീരികക്ലേശങ്ങളിലും അതിന്റെ ഫലമായുണ്ടായ കഠിനമായ മാനസികവ്യഥയിലും ആശയറ്റപ്പോൾ അദ്ദേഹമുയർത്തിയ ചോദ്യം! അപ്രതീക്ഷിതമായുണ്ടാകുന്ന തടസ്സങ്ങൾ ഒരു നദിയുടെ ശാന്തമായ ഒഴുക്കിന് വിഘ്നം വരുത്തുന്നതുപോലെ, ലഭ്യമായ കഴിവുകൾ ഉപയോഗപ്പെടുത്തി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ലഭിക്കുന്ന തിരിച്ചടികൾ ആരെയുമൊന്നു തളർത്തും. ആത്മീയമേഖലകളിൽ പ്രവർത്തിക്കുന്നവരാണെങ്കിൽ ഇതുപോലെതന്നെ ചോദ്യങ്ങളുയരും... ദൈവത്തിനു വേണ്ടി പ്രവർത്തിച്ചിട്ട് എന്തുകൊണ്ടിങ്ങനെ സംഭവിച്ചു...?

അൽഫോൻസ് ജോസഫ് തന്റെ അനുഭവം പങ്കുവയ്ക്കുന്നതിപ്രകാരമാണ്. സംഗീതവഴികളിൽ വിജയകരമായി മുന്നേറാൻ അദ്ദേഹത്തിനു സാധിച്ചു. പല വലിയ മേഖലകളിൽ നേതൃസ്ഥാനത്ത് പ്രവർത്തിച്ചു. റെക്സ് ബാൻഡിന്റെ കൂടെ എല്ലാ ഭൂഖണ്ഡങ്ങളിലെയും പല രാജ്യങ്ങളിലും പര്യടനം നടത്തി. ഓസ്ട്രേലിയായിൽ റെക്സ് ബാൻഡിന്റെ കൂടെ പോകാൻ ഒരുങ്ങിയപ്പോഴാണ് മോഹൻലാൽ ചിത്രമായ കാസനോവായിൽ സംഗീതം ചെയ്യാനുള്ള വിളി വരുന്നത്. ഓസ്ട്രേലിയൻ പര്യടനത്തിനുശേഷം അതിന്റെ ജോലികൾ തുടരാമെന്ന കരാറിൽ വിദേശത്തേക്ക്... ആദ്യം ന്യൂസിലന്റിലായിരുന്നു പ്രോഗ്രാം. അവിടുത്തെ ആദ്യദിവസത്തെ പ്രോഗ്രാമിനുശേഷം പിറ്റേദിവസമുണർന്നത് കഠിനമായ കഴുത്തുവേദനയോടെയായിരുന്നു. പരിപാടികൾ റദ്ദാക്കാൻ പറ്റില്ലാത്തതുകൊണ്ട്, വേദന അറിയാതിരിക്കാൻ ഒരു ഡോക്ടറിന്റെ നിർദ്ദേശപ്രകാരം വേദനയുള്ള ഭാഗമെല്ലാം മരവിപ്പിച്ചു. അതിനുശേഷം സ്റ്റേജിൽ ഇരുന്നുകൊണ്ടാണ്

തുടർന്നുള്ള ദിവസങ്ങളിലെ പ്രോഗ്രാമെല്ലാം നടത്തിയത്. നാട്ടിൽ വന്നതിനുശേഷം ചികിത്സകൾ തുടങ്ങി. പക്ഷേ, ഏറ്റെടുത്ത സിനിമയിലെ പ്രോജക്ടുൾപ്പെടെ പല പ്രോഗ്രാമുകളും നഷ്ടപ്പെട്ടു. ഭയങ്കര വിഷമത്തിൽ, പ്രാർത്ഥിക്കാനാകാതെ, വചനം വായിക്കാനാവാതെ, കിടന്നുകൊണ്ട് കടന്നുപോയ നാളുകൾ....


ഒരു സുഹൃത്തിന്റെ നിർദ്ദേശപ്രകാരമാണ് അൽഫോൻസ് കിടന്നുകൊണ്ടു പങ്കെടുക്കാൻ സാധിക്കുന്ന ധ്യാനത്തിൽ പങ്കെടുക്കാൻ ഡിവൈനിൽ പോയത്. ധ്യാനപ്രസംഗത്തിനിടയിൽ കേട്ട ഒരു വചനം, 1 കോറി 15,19, അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞു: "ഈ ജീവിതത്തിനു വേണ്ടിമാത്രം മിശിഹായിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്". അദ്ദേഹം പറയുന്നു: "കർത്താവ് എന്നോട് ഇപ്രകാരം ചോദിക്കുന്നതായി എനിക്കനുഭവപ്പെട്ടു: നീ ഓടിനടന്നു ചെയ്യുന്ന എല്ലാ കാര്യങ്ങളും നിത്യജീവിതത്തെ ലക്ഷ്യം വച്ച് ചെയ്യുന്നതാണോ? അല്ലെങ്കിൽ ആദ്യംമുതൽ വീണ്ടും തുടങ്ങുക".

ധ്യാനത്തിനുശേഷം തുടർചികിത്സയിലായിരുന്ന സമയത്താണ് വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവചരിത്രം വായിക്കുന്നത്. അപ്പോൾ ചെറുപ്പത്തിൽ ഈശോ ചോദിക്കുന്നതായി അനുഭവപ്പെട്ടിരുന്ന ചോദ്യം വീണ്ടും അദ്ദേഹത്തിന്റെ മനസ്സിലുയർന്നു തുടങ്ങി. "അൽഫോൻസ്, നീ ഇവയെക്കാൾ, ഇവരെക്കാൾ ഉപരിയായി എന്നെ സ്നേഹിക്കുന്നുവോ?" അദ്ദേഹത്തിന്റെ മനസ്സിൽ അപ്പോൾ ഉയർന്നു വന്നുകൊണ്ടിരുന്നത് ലോകത്തിനുമുമ്പിൽ ലഭിച്ച പ്രശസ്തി, ചെയ്ത സിനിമകൾ, ചാനലുകളിൽ വന്നിട്ടുള്ള ഇന്റർവ്യൂകൾ തുടങ്ങിയവയാണ്. സ്വന്തം ആഗ്രഹങ്ങൾക്കുപരി ദൈവഹിതത്തിനു സ്ഥാനംകൊടുക്കണമെന്ന ഉറച്ച തീരുമാനമെടുക്കാൻ ഇത് അദ്ദേഹത്തെ സഹായിച്ചു. ജീവിതത്തിൽ സംഭവിച്ച വിജയങ്ങൾക്കും തോൽവികൾക്കും നന്ദി പറഞ്ഞു പ്രാർത്ഥിച്ച് ദൈവഹിതം നിറവേറ്റാൻ തീരുമാനമെടുത്ത അദ്ദേഹം പൂർണസന്തോഷത്തോടെ തന്റെ പ്രേഷിതജീവിതം തുടരുന്നു.

നമ്മെ ഓരോരുത്തരെയും വ്യക്തിപരമായി അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന കർത്താവിനു വേണ്ടത് നമ്മുടെ ഈലോകനേട്ടങ്ങളല്ല, അവയെക്കാളുപരി അവിടുത്തെ സ്നേഹിക്കുന്ന ഒരു മനസ്സാണ്. ബേത്സയ്ദായിലെ അന്ധനു കാഴ്ച കൊടുക്കുന്ന സംഭവത്തിൽ ഈശോ അവനെ കൈയ്ക്കു പിടിച്ച് ഗ്രാമത്തിനു വെളിയിലേക്കു കൊണ്ടുപോയി എന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (മർക്കോ 8,22-26). ലോകത്തിന്റെ നേട്ടങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിലിൽ നമ്മെ പലപ്പോഴും അന്ധത ബാധിക്കാറുണ്ട് - നിത്യമായതു ദർശിക്കാനുള്ള കാഴ്ചയില്ലായ്മ! ലോകനേട്ടങ്ങളുടെ പ്രഭാവലയത്തിലായിരിക്കുമ്പോൾ നിത്യവെളിച്ചം ദർശിക്കാൻ കഴിയാത്ത അവസ്ഥ! ജീവിതത്തിലുണ്ടാകുന്ന ചില തിരിച്ചടികൾ, നഷ്ടങ്ങൾ, രോഗങ്ങൾ തുടങ്ങിയവയൊക്കെ ദൈവം നമ്മുടെ കരം പിടിക്കുന്നതാണ്, 'ഗ്രാമത്തിനു വെളിയിലേക്ക് കൊണ്ടുപോകുന്നതാണ്' എന്ന തിരിച്ചറിവുണ്ടാകുമ്പോൾ നമുക്കുണ്ടായ നഷ്ടങ്ങൾ നേട്ടമായി മാറും; സഹനങ്ങൾ സന്തോഷമായി മാറും. കടന്നുപോകുന്നവയിൽ ആശ്രയിക്കാതെ നിത്യമായവയിൽ നാം പ്രത്യാശ വയ്ക്കും. ദൈവകരങ്ങളിൽ നമുക്കു മുറുകെ പിടിക്കാം. കരം പിടിച്ച് നമ്മെ നയിക്കുവാൻ ദൈവത്തെ നമുക്ക് അനുവദിക്കാം.

***"ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനു പകരമായി എന്തുകൊടുക്കും?" (മത്താ 16,26).***

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**ബെറ്റി കച്ചിറ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പരിശുദ്ധ അമ്മേ, അനുദിനം ലോകത്തിൽ പാപത്തിന്റെ അന്ധകാരത്തിൽ കഴിയുന്ന മാനവർക്ക് നിന്റെ പ്രാർത്ഥനയാൽ പാപത്തിൽനിന്നും കടങ്ങളിലുംനിന്നു മോചനം നേടുവാനും, തിന്മകളിലും കഷ്ടതകളിലുംനിന്നു രക്ഷ തേടി ഈശോയുടെ സ്നേഹത്തിൽ ആശ്രയിക്കുവാനും ഈ ജപമാല വഴികളിലൂടെ ഞങ്ങൾ അങ്ങയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നു.

**ഒന്നാം ദിവ്യരഹസ്യം:** അനുസരണക്കേടുമൂലം ഏദൻതോട്ടം മനുഷ്യനു നഷ്ടപ്പെട്ടപ്പോൾ ആ പാപക്കയത്തിൽ നിന്നും മനുഷ്യമക്കളെ രക്ഷിക്കുവാൻ ഭൂമിയിലവതരിച്ച ദിവ്യകുമാരന് അമ്മയാകാൻ പരിശുദ്ധ അമ്മേ നീ തയ്യാറായല്ലോ. നിന്റെ അനുസരണം മാതൃകയാക്കി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:** മനുഷ്യകുലത്തിനു ശാശ്വതമായ ജീവൻ നൽകുവാൻ വന്ന ദിവ്യകുമാരന് ഭവനം ഒരുക്കിയ മാതാവേ, തിന്മകൾ നിറയുന്ന ഈ ലോകത്തിൽ ഞങ്ങളുടെ പാപക്കറകൾ കഴുകിക്കളഞ്ഞ്, നിർമ്മലമായ ഹൃദയത്തോടെ ഈശോയെ സ്വീകരിക്കുവാൻ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ.


*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:** കർത്താവിന്റെ മഹിമയേറിയ രണ്ടാമാഗമനം പ്രതീക്ഷിച്ചു കഴിയുന്ന മാനവമക്കൾ യഥാർത്ഥ മുന്തിരിച്ചെടിയായ മിശിഹായോടു ചേർന്നുനിന്ന് സ്വർഗരാജ്യത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:** ദൈവരാജ്യം ലക്ഷ്യംവെച്ച് പ്രയാണം ചെയ്യുന്ന ഞങ്ങൾ ഓരോ ദിനവും പൂർണ സ്നേഹത്തിൽ വളരുവാനും ദൈവാരാധന ലക്ഷ്യം വച്ച് ജീവിക്കുവാനുമുള്ള കൃപ ഞങ്ങൾക്കായി നേടിത്തരണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:** ഞങ്ങൾക്കുവേണ്ടി സ്ഥലം ഒരുക്കി, ഞങ്ങളെ പിതാവിന്റെ പക്കലേക്ക് കൂട്ടിക്കൊണ്ടു പോകുവാൻ കാത്തിരിക്കുന്ന മിശിഹായെ പ്രതീക്ഷിച്ച് ദൈവമക്കൾക്ക് അനുരൂപരായി ജീവിക്കുവാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



“നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ,
ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു.
എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു;
ജീവിക്കുന്ന ദൈവത്തിനുവേണ്ടിത്തന്നെ.
എപ്പോഴാണ് എനിക്കു ദൈവസന്നിധിയിലെത്തി
അവിടുത്തെ കാണാൻ കഴിയുക!”.
സങ്കീർത്തനം 42,1-2

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
September 2026

“ധനവും പദവിയുമൊരുപോലെ
മണ്ണിൽ നിയതം മാഞ്ഞടിയും
അഭിലാഷങ്ങൾ തകർന്നീടും.
സ്വപ്നംപോലീ ധനമെല്ലാം
മിഥ്യാവലയിതമെന്നേവം
അറിയും മർത്യൻ വിലപിക്കും
സർവം നഷ്ടപ്പെട്ടവനായ്.
ലോകം മുഴുവൻ നേടുകിലും
മനുജാത്മാവു നശിച്ചെന്നാൽ
ഫലമില്ലെന്നരുൾചെയ്തവനേ,
സദയം കാത്തരുളീടണമേ.”

(ഓനീസാ ദ്വാസർ,
ഏലിയാ രണ്ടാം ഞായർ)

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal